# അഹ്മദിയ്യാ ജമാഅത്ത്
# ഒരു സമീപാവലോകനം

അല്ലാമാ നിയാസ് ഫതഹ്പൂരി

വിവ: എൻ.ഹാമിദ്

പ്രസാധകർ
നസാറത് നശ്റോ ഇശാഅത്ത്
സദർ അഞ്ചുമൻ അഹ്മദിയ്യാ - ഖാദിയാൻ

# അഹ്മദിയ്യാ ജമാഅത്ത്
# ഒരു സമീപാവലോകനം


## അല്ലാമാ നിയാസ് ഫതഹ്പൂരി

വിവ: എൻ.ഹാമിദ്



പ്രസാധകർ
നസാറത് നശ്റോ ഇശാഅത്ത്
സദർ അഞ്ചുമൻ അഹ്മദിയ്യാ – ഖാദിയാൻ

**AHMADIYYA JAMA'AT ORU SAMEEPAVALOKANAM**
Author :Allama Niyas Fatahpuri

Translator:  N.Hamid Sahib

DTP & Layout :Mudassar Ahmad

Published by: Nazarat Nashro Isha'at,
Sadr Anjuman Ahamdiyya, Qadian -143516

2nd Edition: 2016

Copies: 1000

Printed at: Orange Offset Printers,Calicut

# ആമുഖം

ഉർദു സാഹിത്യവുമായി ബന്ധമുള്ളവർക്കറിയാം നിയാസ് ഫതഹ് പൂരി ആരാണെന്ന്. ആധുനിക ഉർദുസാഹിത്യത്തിൽ നിയാസിനുള്ള സ്ഥാനം അദ്വിതീയമത്രെ. അല്ലാമ ഒരു വലിയ മത പണ്ഡിതനുമായിരുന്നു. എങ്കിലും സാഹിത്യനഭോമണ്ഡലത്തിൽ ഒരു ഉയർന്ന താരമായി പ്രശോഭിച്ചു തുടങ്ങിയ കാലം മുതൽക്കേ അദ്ദേഹം ഒരു യുക്തിവാദിയും ഭൗതിക ദാർശനികനുമായിട്ടാണ് അറിയപ്പെട്ടുപോന്നത്. അദ്ദേഹത്തിന്റെ നിഗാർ' പുരോഗമനചിന്തകന്മാർക്ക് എന്നും ഒരു ഹരമായിരുന്നു. എന്നാൽ ഇസ്‌ലാമി കമൂല്യങ്ങളെ അദ്ദേഹം ഒരിക്കലും കൈവിട്ടിരുന്നില്ല. ധാർമ്മികതയെയും കർമ്മണ്യജീവിതത്തെയും അദ്ദേഹം എന്നും വിലമതിച്ചിരുന്നു.

പാക്കിസ്താൻ ഉടലെടുത്തതിൽ പിന്നെ ആ രാജ്യത്തു നടമാടിയ പേക്കൂത്തുകൾ ലോകത്തെങ്ങുമുള്ള ചിന്താശീലർ നോക്കിക്കാണുകയായിരുന്നു. 1953ൽ, അവിടെ ഉടലെടുത്ത അഹ്മദിയ്യാവിരുദ്ധപ്രക്ഷോഭം അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു കുതിച്ചു ചാട്ടത്തിന്റെ ആരംഭമായിട്ടാണ് കലാശിച്ചത്. ആ പ്രക്ഷോഭം ദയനീയമായി പരാജയപ്പെടുകയും അഹ്മദികൾ ആ രാജ്യത്ത് നിർണായകമായ സ്വാധീനം നേടുകയും ചെയ്തു. അഹ്മദിയ്യാ പ്രസ്ഥാനത്തിന് ലഭിച്ച അഭൂതപൂർവവും അതിവിപുലവുമായ പ്രചാരവിജയമാണ് ആ പ്രക്ഷോഭത്തിന്റെ പ്രത്യക്ഷഫലം എന്നു പറയാം. ബുദ്ധിജീവികൾക്കു പ്രസ്ഥാനത്തെകുറിച്ചു പഠിക്കാനൊരവസരം അതു നൽകി. ഈ കാലഘട്ടത്തിലാണ് അല്ലാമാ നിയാസ് ഫതഹ്പൂരി അഹ്മദിയ്യാ പ്രസ്ഥാനവുമായി അടുത്തു പരിചയപ്പെട്ടുതുടങ്ങിയത്. ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ചരിത്രവും കൃതികളും അദ്ദേഹം നേരിട്ടു പഠിച്ചു. അതിൽ അദ്ധ്യാത്മികതയുടെ സൗന്ദര്യം പ്രകാശിക്കുന്നതായി അദ്ദേഹം കണ്ടു. അത് വെട്ടിത്തുറന്നു പ്രഖ്യാപിക്കാൻ അദ്ദേഹം മടിച്ചതുമില്ല. വിമർശകരെയെല്ലാം പുച്ഛത്തോടെ തള്ളിമാറ്റികൊണ്ടുതന്നെ!.

1959ൽ തന്റെ ആദ്യത്തെ അഭിപ്രായപ്രകടനം നടത്തിയ ശേഷം അല്ലാമ ഖാദിയാനിലെ അഹ്മദിയ്യാ കേന്ദ്രവുമായി ബന്ധപ്പെടുകയും കത്തിടപാടുക ളുടെ ഒരു പരമ്പര തന്നെ നടത്തുകയുണ്ടായി. ഹദ്റത്ത് മിർസാ വസീം അഹ്മദ് സാഹിബുമായി അദ്ദേഹം നടത്തിയ കത്തിടപാടുകൾ സുരക്ഷിതമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ഖാദിയാൻ സന്ദർശിക്കുകയുമുണ്ടായി.

അല്ലാമാ നിയാസ് തന്റെ 'നിഗാർ' മാസികയിൽ പലതവണ എഴുതിയ കുറിപ്പുകളുടെ സമാഹാരമാണ് ഈ കൃതി. അദ്ദേഹത്തിന്റെ ഏതു എഴുത്തും ഉർദുഭാഷയെ സംബന്ധിച്ചിടത്തോളം 'ക്ലാസ്സിക്ക്' ആണ്. അതു മലയാളത്തിലാക്കുക തുലോം ദുഷ്കരം!. എങ്കിലും അത് ഇവിടെ ഇതാ ഭംഗിയിൽ നിർവഹിച്ചിരിക്കുന്നു. വിവർത്തനം ചെയ്ത അറുപതു കൊല്ലക്കാലം അഹ്മദിയ്യാ സാഹിത്യത്തിൽ നീന്തിത്തുടിച്ച വന്ദ്യവയോധികനും പണ്ഡിത വര്യനുമായ ജനാബ് എൻ. ഹാമിദ് സാഹിബ് ആണ്. പാർസി പദശൈലീ ബഹുലമായ അല്ലാമാ നിയാസിന്റെ ലിഖിതങ്ങൾ അദ്ദേഹം കേരളീയർക്കായി ഇതാ കാഴ്ച വെച്ചിരിക്കുന്നു. അല്ലാമാ അഹ്മദിയ്യാ പ്രസ്ഥാനത്തെ പറ്റി എന്തു പറയുന്നു. എന്നു മനസ്സിലാക്കാനും പ്രസ്ഥാനത്തെ കുറിച്ച് നിഷ്പക്ഷമായി, ആത്മാർഥമായി പഠനം നടത്തുവാനും സത്യാന്വേഷികൾക്ക് ഈ കൃതി പ്രയോജനപ്പെടട്ടെ എന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

– പ്രസാധകർ

# അഹ്മദിയ്യാ ജമാഅത്ത്

ഇന്ത്യയിലെ ഒരു പ്രസിദ്ധ പണ്ഡിതനും ലക്നൗവിൽ നിന്നും പുറപ്പെടുന്ന 'നിഗാർ' എന്ന ഉർദു മാസികയുടെ പത്രാധിപരുമാ യിരുന്ന അല്ലാമാ നിയാസ് ഫതഹ്പൂരി 1959 ആഗസ്ത് ലക്കം 'നിഗാറിൽ' അഹ്മ ദിയ്യാ ജമാഅത്ത് എന്ന ശീർഷകത്തിൽ എഴുതിയ കുറിപ്പാണിത്.

മിർസാ സാഹിബ് ഒരു കള്ളവാദിയായിരുന്നില്ല എന്ന് എനിക്കെ ത്രയും ദൃഢവിശ്വാസത്തോടുകൂടി പറയാൻ കഴിയും. അദ്ദേഹം യഥാർത്ഥത്തിൽ താൻ തന്നെയാണ് വാഗ്ദത്ത മഹ്ദി എന്ന് ആത് മാർഥമായി വിശ്വസിച്ചി രുന്നു. സമുദായത്തിന്റെ സംസ്കരണത്തിനും സംഘാടനത്തിനും ഒരു മാർഗദർശകനോ ഉപദേശകനോ എത്രയും അത്യാവശ്യമായിരുന്ന ഒരു കാലത്ത് തന്നെയാണ് അദ്ദേഹം ആ വാദം പുറപ്പെടുവിച്ചിരുന്നത്. ഒരാ ളുടെ സത്യത്തെ മനസ്സിലാക്കാനുള്ള മറ്റൊരുപാധി അയാളുടെ പ്രവർ ത്തനഫലമാണ്. എന്നാൽ ഇക്കാര്യത്തിലും അഹ്മദിയ്യാ ജമാഅത്തിനു ണ്ടായിട്ടുള്ള വിജയങ്ങൾ അവരുടെ ശത്രുക്കൾ പോലും നിഷേധിക്കാൻ ധൈര്യപ്പെടാത്തവിധം പ്രത്യക്ഷമായിട്ടുള്ളതത്രെ. അവരുടെ പ്രചാരണ സംഘം പ്രവർത്തിക്കാത്ത ഒരു പ്രദേശവും ലോകത്തില്ലെന്നു പറയാം. അവിടങ്ങളിൽ അവർ പ്രത്യേകമായ ബഹുമതിയും കീർത്തിയും കരസ്ഥ മാക്കുകയും ചെയ്തിരുന്നു. സത്യവാനും ആത്മാർഥതയുള്ളയാളും അല്ലാതിരിക്കെ ഒരു മാർഗദർശകനോ ഉപദേശകനോ ഇത്രയും ആത്മാ ർഥതയുള്ള ഒരു ജമാഅത്തിനെ സൃഷ്ടിക്കാൻ സാധ്യമാണോ? ഏതായാ ലും മിർസാ സാഹിബ് വളരെ ആത്മാർഥതയുള്ള ഒരാളായിരുന്നുവെ ന്നത് നിഷേധിക്കാവതല്ല. നിഷ്ക്രിയമായ മുസ്ലിം സമുദായത്തിൽ പ്രവ ർത്തനചൈതന്യം സൃഷ്ടമാക്കുകയും അതൊരു സ്ഥാപിതയാഥാർഥ മായിത്തീരുകയും ചെയ്തിരിക്കുന്നത് അദ്ദേഹത്തിന്റെ ആത്മാർഥ തയുടെ ഫലമായിട്ടു തന്നെയാണ്.

– 'നിഗാർ', ലക്നൗ. ആഗസ്ത് 1959.

# ഇസ്ലാമിന്റെ പുനരുജ്ജീവനം:
# അഹ്മദിയ്യാ ജമാഅത്തിലൂടെ

1969 ആഗസ്റ്റ് ലക്കം 'നിഗാറിൽ' പ്രസിദ്ധീകരിച്ച കുറിപ്പ് അല്ലാമയുടെ പരിചിതവൃത്തങ്ങളിൽ വിവിധ വികാരങ്ങൾ ഉളവാക്കി. ആ കുറിപ്പ് ചിലർ ഇഷ്ടപ്പെടുകയും മറ്റു ചിലർക്ക് അതു കുണ്ഠിതവും മനഃക്ലേശവും ഉണ്ടാക്കിത്തീർക്കുകയും ചെയ്തു. ഇതിനെക്കുറിച്ച് അല്ലാമ: വീണ്ടും സപ്തംബർ ലക്കം 'നിഗാറിൽ' മുന്തലക്കെട്ടിൽ തന്നെ വീണ്ടും ഒരു കുറിപ്പെഴുതുകയുണ്ടായി. ഇതെല്ലാം ചിലരുടെ ഇടയിൽ ഒരിളക്കമുണ്ടാക്കിത്തീർത്തു. ഇതിനിടയിൽ കറാച്ചിയിൽ നിന്ന് ഒരാൾ അഹ്മദിയ്യാ ജമാഅത്തിന്റെ നേർക്കു ആക്ഷേപമാരി കോരിച്ചൊരിഞ്ഞുകൊണ്ട്, പ്രസ്തുത കുറിപ്പിനെ സംബന്ധിച്ചു അല്ലാമ നിയാസിനു ഒരു കത്തെഴുതി അയച്ചു. അല്ലാമ: ആ കത്തും അതിനെക്കുറിച്ചു തനിക്കു പറയാനുള്ള മറുപടിയും നവമ്പർ ലക്കം 'നിഗാറിൽ' പ്രസിദ്ധം ചെയ്തിരിക്കുകയാണ്. ദൈർഘ്യഭയത്താൽ കത്ത് ഇവിടെ പകർക്കുന്നില്ല. അതിലെ ആക്ഷേപങ്ങൾക്കെല്ലാം അല്ലാമ നിയാസി മറുപടി പറഞ്ഞിട്ടുണ്ട്. ഈ മറുപടിയിൽ നിന്ന് കത്തിലെ ആക്ഷേപങ്ങളെന്തെല്ലാമാണെന്ന് അനുവാചകർക്ക് അനായാസേന അഭ്യൂഹിക്കാവുന്നതാണ്.

## മറുപടി

താങ്കളുടെ കത്തിനുള്ള മറുപടി കത്തുമൂലം തന്നെ തന്ന് മൗനം ദീക്ഷിക്കാമെന്നാണ് ഞാൻ വിചാരിചിരുന്നത്. എന്നാൽ താങ്കളെ പ്പൊലെ മറ്റു ചിലരും ഇത്തരം സന്ദേഹങ്ങൾ ഹൃദയത്തിൽ വെച്ചു പുലർത്തുന്നുണ്ടായിരിക്കാമെന്നും കരുതി 'നിഗാർ' മുഖാന്തരം തന്നെ താങ്കളെ അഭിസംബോധന ചെയ്യുന്നത് നന്നായിരിക്കുമെന്ന് വിചാരിച്ചു.

അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് ഞാൻ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായത്തിന് എന്റെ വിശ്വാസവുമായിട്ടു യാതൊരു ബന്ധവുമില്ലെന്ന യാഥാർത്ഥ്യം ആദ്യമായിതന്നെ ഇവിടെ വെളിപ്പെടുത്തിക്കൊള്ളട്ടെ. എന്തെന്നാൽ 'ഈമാൻ' എന്ന സാങ്കേതികശബ്ദം കൊണ്ടു വിവക്ഷിതമായ വിശ്വാസപ്രമാണത്തിന്റെ സവിസ്തര വശവും വിശിഷ്യ അതിലെ പ്രകൃത്യാതീതവിഷയവും (ഇതിൽ ഉൾപ്പെട്ടതാണ് പുനരുത്ഥാനം, സ്വർഗം, നരകം, മലക്കുകളുടെ അസ്തിത്വം, ആത്മാവിന്റെ നിത്യത തുടങ്ങിയവയ്ക്കുള്ള ജഡരൂപമായ സങ്കൽപം) സംബന്ധിച്ചിടത്തോളം എന്റെ മാർഗ്ഗം വ്യത്യസ്തമായതാണ്. ഇപ്പറഞ്ഞ ഒന്നും തന്നെ ജഡരൂപത്തിലും

ബാഹ്യേന്ദ്രിയങ്ങൾക്കും ഗോചരമായ നിലയിലും സ്ഥിതിചെയ്യുന്നതായി ഞാൻ വിശ്വസിക്കുന്നില്ല. എന്റെ ഈ നിഷേധം ഇവയൊന്നും ഇതുവരെയും എനിക്ക് ഗ്രാഹ്യമായിരുന്നില്ലെന്നതു കൊണ്ടുമാത്രമാണ്. ഇത്തരം ജഡികമായ ധാരണയിൽ നിന്നും ഉപരിയായി ദൈവമഹത്ത്വം സംഭാവന ചെയ്യാതിരിക്കുന്നേടത്തോളം അവന്റെ മഹിമാതിശയത്തെക്കുറിച്ചുള്ള ശരിയായ ബോധം ഉണ്ടായിത്തീരുകയില്ല എന്നാണ് എന്റെ അഭിപ്രായം.

ഏതായിരുന്നാലും എന്റെ ഈ നിഷേധം ഖണ്ഡനാത്മകമല്ല. അതായത് ഏതെങ്കിലുമൊരു ജമാഅത്ത് ഉത്കൃഷ്ടമായ സ്വഭാവ സംസ്കരണത്തിനു മേൽ പറഞ്ഞ സംഗതികളെല്ലാം അപ്പടി വിശ്വസിക്കുക അത്യന്താപേക്ഷിതമാണെന്ന് വിചാരിക്കുന്നുണ്ടെങ്കിൽ എനിക്ക് അതിനെ കുറിച്ച് എതിരഭിപ്രായമില്ല. ഈ വിശ്വാസകാര്യങ്ങളെ അപേക്ഷിച്ച് കർമശുദ്ധി, സ്വഭാവസംസ്കരണം എന്നിവകൾക്ക് ദ്വിതീയസ്ഥാനം കൽപ്പിക്കാതിരിക്കുകയും ഈ വിശ്വാസകാര്യങ്ങളും ബാഹ്യകർമാചാരങ്ങളും മാത്രമാണ് മതത്തിന്റെ ലക്ഷ്യം എന്നു ഗണിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അവർ തങ്ങളുടെ ആ വിശ്വാസങ്ങളിൽ നിലനിന്നുകൊള്ളട്ടെ.

## മതത്തിന്റെ പൊരുൾ

ആലിംകളുമായി എനിക്കുള്ള അഭിപ്രായവ്യത്യാസങ്ങൾക്കു കാരണമിതാണ്. അവർ ഇസ്ലാം ധർമത്തെ ആചാരമാത്രമായ കർമാനുഷ്ഠാനത്തിന്റെ ഉപരിതലത്തിൽ നിന്ന് ഉയർത്തിക്കൊണ്ടു പോകേണ്ടുന്ന ആവശ്യകതയെ പരിഗണിക്കുന്നില്ല. ഞാനാകട്ടെ മതാനുഷ്ഠാനത്തിനും ആരാധനാകർമത്തിനും രണ്ടാം സ്ഥാനം കൽപിച്ചുകൊണ്ട് ആത്മസംസ്കാരത്തെയും കർമശുദ്ധിയേയു മാണ് ഇസ്ലാമിന്റെ യഥാർത്ഥ ലക്ഷ്യമായി കരുതുന്നത്. ഞാനിപ്പറയുന്നത് എന്റെ സങ്കൽപവും അഭ്യൂഹവും മാത്രമാണെന്ന് പക്ഷെ താങ്കൾ വിചാരിക്കുമായിരിക്കാം. എന്നാൽ ഇതു ഒരു പരമാർഥം മാത്രമാണെന്ന് ഞാനുറപ്പിച്ചു പറഞ്ഞുകൊള്ളട്ടെ. ഒരിക്കൽ ഞാൻ വിവിധകക്ഷിക്കാരായ ആലിംകളോട് ചോദ്യം ചെയ്യുകയുണ്ടായി: ആരാധനാകർമങ്ങളുടെ അനുഷ്ഠാനമോ ഉൽകൃഷ്ടസ്വ ഭാവസംസ്കരണമോ ഏതൊന്നാണ് സാക്ഷാൽ വസ്തു എന്ന്. ഇതിന് അഹ്മദീ ആലിംകളൊഴികെ മറ്റെല്ലാവരും ഉത്തരം നൽകിയിരുന്നത് സാക്ഷാൽ വസ്തു ഇസ്ലാമിക ചിഹ്നങ്ങളെ അനുകരിക്കുകയാണെന്നും സ്വഭാവശുദ്ധി മാത്രം മോക്ഷത്തിനു കാരണമാകുകയില്ലെന്നുമാണ്.

എന്നാൽ, മതത്തെ ഇത്രയും വിപുലമായ അർഥത്തിൽ വീക്ഷിക്കുന്ന ഒരാൾ ഏതെങ്കിലുമൊരു ജമാഅത്തിനെ കുറിച്ചു അഭിപ്രായം പ്രകടിപ്പി

ക്കേണ്ടിവരുമ്പോൾ അയാളുടെ ദൃഷ്ടിപഥത്തിൽ ആവിർഭവിക്കുന്നത് ആ ജമാഅത്തിന്റെ ക്രിയാത്മകമായ ജീവിതത്തെ സംബന്ധിച്ച പ്രശ്‌ന മല്ലാതെ അവരുടെ വിശ്വാസപ്രമാണങ്ങളെന്തെല്ലാമെന്നോ അവരുടെ ആരാധനാനുഷ്ഠാനങ്ങളെങ്ങനെയെന്നോ ഉള്ള പ്രശ്നമായിരിക്കുകയില്ല എന്നതു പ്രത്യക്ഷമാണ്. ഈ വസ്തുത തന്നെയാണ് അഹ്മദിയ്യാ ജമാ അത്തിനെ കുറിച്ച് പ്രശംസിച്ചുപറയാൻ എന്നെ നിർബന്ധിതനാക്കി ത്തീർത്തത്. അതായത്,

ഇക്കാലത്ത് ഇസ്‌ലാമിനോടു സ്വയം സംബന്ധിപ്പിക്കുന്ന എല്ലാ ജമാഅ ത്തുകളിലും വെച്ചു ഈയൊരു ജമാഅത്തു മാത്രമേ ഇസ്‌ലാമിന്റെ വിശു ദ്ധസ്ഥാപകരാൽ നിർദിഷ്ടമായ ജീവിതപന്ഥാവിലൂടെ സ്ഥിരചിത്ത തയോടെ സഞ്ചരിക്കുന്നതായിട്ടുള്ളൂ. ഈയൊരു ബോധം എനിക്ക് മാത്രമല്ല ഉണ്ടായിരിക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ എതിരാളികൾക്കും ഉണ്ടാ യിത്തീർന്നിട്ടുണ്ട്. എന്നാൽ അവരതു തങ്ങളുടെ ദുരഭിമാനത്താലോ അധമത്വബോധം കൊണ്ടോ ഏറ്റുപറയുവാൻ മുതിരുന്നില്ല. ഞാനാകട്ടെ എനിക്കുള്ള അഭിപ്രായം വെട്ടിത്തുറന്നങ്ങു പറയുന്നു. ഈയൊരു വ്യത്യാസമുണ്ട്.

എഴുത്തു നീണ്ടുപോവുകയാണ്. എങ്കിലും ഒരു സംഗതി കൂടി തുടർന്നു പ്രസ്താവിക്കുന്നത് അസ്ഥാനത്താകുകയില്ല. അതായത് കഴിഞ്ഞ അര നൂറ്റാണ്ടുകാലമായില്ല, ഞാനധികവും മൗലവിമാരുമായുള്ള പോരാട്ട ത്തിൽ വ്യാപൃതനായിരിക്കെ അഹ്മദിയ്യാ ജമാഅത്തിന്റെ നേർക്ക് എന്റെ ശ്രദ്ധ തിരിയാതിരുന്നതെന്തുകൊണ്ടാണെന്നും ഇപ്പോൾ പെട്ടെന്നും അവരുടെ നേർക്കു തിരിയുവാൻ പുതുതായി എന്തൊരു കാര്യമാണ് ഉണ്ടായിരിക്കുന്നതെന്നുമുള്ള വസ്തുത ഇവിടെ വ്യക്തമാക്കേണ്ടിയി രിക്കുന്നു.

## പരിവർത്തനം മഹിതവ്യക്തികൾ മുഖാന്തിരം

ഇക്കാലമത്രയും ഞാൻ മുസ്‌ലിം സമുദായത്തിന്റെ ശോച്യസ്ഥിതി യെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവർ എന്തുകൊ ണ്ടാണ് സാമ്പത്തികരംഗത്തും ധാർമ്മികനിലയിലും ഇത്രയും ദയ നീയമാംവണ്ണം അധഃപതിച്ചു പോയിരിക്കുന്നതെന്നു ഞാൻ ആരായു കയായിരുന്നു. സഹാബത്തിന്റെ കാലത്തുണ്ടായിരുന്ന അതേ ഖുർആൻ അപ്പടി ഇന്നും സ്ഥിതി ചെയ്യുന്നുണ്ട്. കൈസർ കിസ്രാ ചക്രവർത്തിമാ രുടെ മഹാസാമ്രാജ്യഭരണങ്ങളെ അടിമേൽമറിച്ചിടുവാൻ അറേബ്യയി ലെ മണലാരണ്യവാസികളെ കെൽപുറ്റവരാക്കിത്തീർത്ത ഇസ്‌ലാമികാ

ധ്യാപനങ്ങൾ ഇന്നും നിർബാധം നിലകൊള്ളുന്നുമുണ്ട്. എന്നാൽ ആ പഴയ കാലത്തെ മുസ്ലിംകളല്ല ഇന്നുള്ളത്. ഈ പ്രതിലോമാവസ്ഥ നമ്മുടെ സമുദായത്തിൽ മാത്രം ദൃശ്യമാകുന്നതല്ല. ഇതരമതാനുയായി കളുടെ ചരിത്രത്തിലും ഇതുതന്നെ നമുക്ക് കാണുമാറാകുന്നു. അവരുടെ ഉത്കർഷാ പകർഷങ്ങൾക്കുണ്ടായ കാരണങ്ങൾ ആരായുന്നതായാൽ ലോകത്ത് ഏതുകാലത്തും മഹത്തായ പരിവർത്തനം വരുത്തിത്തീർ ത്തതു ഗ്രന്ഥങ്ങളല്ല ചില മഹിതവ്യക്തികൾ മാത്രമാണ് എന്ന ഒരേ നിഗ മനത്തിലായിരിക്കും നാം എത്തിച്ചേരുക. അതായത്, സമുദായോത്തേ ജകനായ ഒരു പ്രത്യേകവ്യക്തി ഉണ്ടായിരുന്നിടത്തോളം കാലം സമു ദായം അഭിവൃധിപ്പെട്ടുകൊണ്ടുപോകയും ആ വ്യക്തി മൺമറഞ്ഞതോടെ ആ ജനതയുടെ ഉൽഗതി നിലച്ചു പോവുകയും അനന്തരം അവർ സാവ ധാനത്തിൽ പുറകോട്ടു മാറി മാറി ഒടുവിൽ മുമ്പത്തെ പതിതാവസ്ഥയിൽ എത്തിച്ചേരുകയും ചെയ്തതായിട്ടു നമുക്ക് കാണാം.

ആകയാൽ ഇന്നും മുസ്ലിംകൾ താറുമാറായി നാശോന്മുഖരായിട്ട് കാണപ്പെടുന്നുണ്ടെങ്കിൽ അതിനുള്ള ഒരേ കാരണം അവരെ കർമോന്മു ഖരാക്കി വിശുദ്ധഖുർആന്റെ അധ്യാപനത്തിനു വിധേയരാക്കിത്തീർ ക്കാൻ പോരുന്ന ഒരു വ്യക്തി ഇല്ലെന്നതാകുന്നു. ഈ മഹത്തായ കാര്യ ത്തിനു നമുക്ക് ആലിംകളിലും നേതാക്കളിലും നിന്നു ആരെങ്കിലും ഉദ്ബുദ്ധനായി എഴുന്നേൽക്കേണ്ടതായിരുന്നു; എന്നാൽ ആരും അതിനു മുന്നോട്ടുവന്നില്ല.

ഈ അനുഭവം എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും വേദനാജന കമായിരുന്നു. ഏതെങ്കിലും ഭാഗത്ത് നിന്നുള്ള ഉൽബോധനം നമ്മുടെ പണ്ഡിതവൃത്തത്തിനും ഒരു നവചൈതന്യമേകിയെങ്കിലോ എന്നു കരു തി ഞാൻ ചില കർമ പരിപാടികളെല്ലാം അവ രുടെ മുമ്പിൽ സമർപ്പിച്ചു. എന്നാൽ ഹാ, കഷ്ടം! സ്വാർഥലോലുപരും സുഖേച്ഛുക്കളുമായ അക്കൂട്ടർ അതിനെ തീരെ ഗൗനിച്ചില്ല. അവരെ സംബന്ധിച്ചിടത്തോളം ഞാൻ തീരെ നിരാശപ്പെടുകയും സമുദായത്തിലെ മറ്റു വിഭാഗങ്ങളുടെ സ്ഥിതിഗതികൾ ആരായുന്നതിൽ ഏർപ്പെടുകയും ചെയ്തു. അവസാന ത്തിൽ എന്റെ ദൃഷ്ടിചെന്നുപതിച്ചത് അഹ്മദിയ്യാ ജമാഅത്തിന്റെ നേരെ യാണ്. ആഗസ്റ്റ് ലക്കം 'നിഗാറിൽ' ഞാൻ സുവ്യക്തം പ്രസ്താവിച്ചി ട്ടുള്ളതു പോലെ എനിക്ക് ഈ ജമാഅത്തിനെക്കുറിച്ചു നല്ല അഭിപ്രാ യമായിരുന്നില്ല. എന്നാൽ അതിന്റെ സ്ഥാപകന്റെ ജീവിതവും അധ്യാപന ങ്ങളും അതിന്റെ സംഘടനാവ്യവസ്ഥയും സംബന്ധിച്ചു സൂക്ഷ്മ പഠനം നടത്തിയപ്പോൾ യഥാർഥ ഈമാൻ (വിശ്വാസം) കേവലം അധരസ്ഥമായ

ശബ്ദോച്ചാരണമല്ല പ്രവൃത്തി രൂപമായ സാക്ഷീകരണമാണ് എന്ന തത്ത്വം മനസ്സിലാക്കിയിട്ടുള്ള ഒരേ ഒരു ജമാഅത്ത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് എന്ന് സമ്മതിക്കുവാൻ ഞാൻ നിർബന്ധിതനായിത്തീർന്നു. ഈ ജമാഅത്ത് അവരുടെ ശക്തമായ സംഘടനയും കർമനിരതത്വവും ശിഷ്ടാചാരവും മുഖേന ജീവിതപദ്ധതികളെ മാറ്റിത്തീർക്കുകയും മാനസികശക്തികളെ ഉത്തേജിപ്പിക്കുകയും വീക്ഷണഗതിക്ക് വലിയ മാറ്റം വരുത്തുകയും മുസ്‌ലിംകളെ വീണ്ടും ഇസ്‌ലാം മതസ്ഥാപകർ(സ) നിർദേശിച്ചിരുന്ന ആ മാർഗത്തിലേക്ക് തിരിക്കുകയും ചെയ്തിരിക്കുകയാണ്.

## അഹ്മദിയ്യാ ജമാഅത്തിന്റെ അടിസ്ഥാനം

താങ്കളുടെ ജീവിതവും അഹ്മദിയ്യാ ജമാഅത്തിന്റെ ജീവിതവും തമ്മിൽ എത്ര പ്രകടമായ അന്തരമുണ്ടെന്നു സ്വയം ചിന്തിച്ചു നോക്കുക. ഇതു തർക്ക ശാസ്ത്രന്യായേന ബോധിക്കേണ്ട വിഷയമല്ല. പ്രത്യക്ഷമായ വസ്തുതയാണ്. താങ്കളുടെ അടുക്കൽ ജീവിതമെന്നു പറഞ്ഞാൽ ചിതറിക്കിടക്കുന്ന വ്യക്തികളുടെ വ്യക്തിഗതമായ ചര്യാനിർണയമാകുന്നു. എന്നാൽ അഹ്മദികളുടെ പക്കലാകട്ടെ ജീവിതമെന്നതു കേന്ദ്രത്തോട് അനുബന്ധിച്ച വ്യക്തികളുടെ സമഷ്ടിഗതമായ ചര്യാനിയന്ത്രണത്തിനുള്ള പേരാണ്. താങ്കളുടെ അടുക്കൽ സമഷ്ടിത്വം വ്യക്തികളിൽ വിഭക്തമായി ചിതറിയ ധൂളിപോലെ താറുമാറായിരിക്കുകയാണ്. അവരുടെ അടുക്കലാണെങ്കിൽ വ്യക്തികളെല്ലാം ഒന്നു ചേർന്നു ബലവത്തായൊരു പാശത്തോടു ബന്ധിച്ച് ഒറ്റകെട്ടായി നിൽക്കുന്നു. താങ്കളുടെ അടുക്കൽ വ്യക്തികളെ ബന്ധിപ്പിച്ചു നിറുത്തുന്ന കെട്ട് അറ്റുപോയിരിക്കുന്നു. അഹ്മദികളാകട്ടെ തുന്നഴിഞ്ഞ ഗ്രന്ഥത്തിലെ താളുകൾ പോലെ ചിതറിപ്പോയ വ്യക്തികളെ സമാഹരിച്ചു സംഘടിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

അവരുടെ സരളമായ വ്യവഹാര അനാഡംബരജീവിതം ആത്മാർഥത, നീതിബോധം, സത്യനിഷ്ഠ, ആത്മത്യാഗം, വാഗ്ദത്ത പാലനം, ധർമാനുഷ്ഠാനം, സർവോപരി അവരുടെ സേവനൗൽ സുക്യം, കർമനിരതത്വം, ആപൽഘട്ടത്തിലെ സഹനശീലം ആത് മസംയമനം-ഇവയെല്ലാമാണ് അഹ്മദിയ്യാ ജമാഅത്തിന്റെ അടിസ്ഥാഭൂതമായ വസ്തുക്കൾ. അവരുടെ സമഷ്ടിത്വസൗധം ഈ സദ്ഗുണങ്ങളുടെ അടിസ്ഥാനത്തിലാണ് നിർമ്മിതമായിരിക്കുന്നത്. ഈ ഗുണങ്ങളെ അവഗണിച്ചത് കൊണ്ടുതന്നെയാണ് ഇതര മുസ്‌ലിം ജമാഅത്തുകൾ തങ്ങളുടെ അസ്തിത്വം കളഞ്ഞു കുളിച്ചിരിക്കുന്നതും.

എന്നാൽ താങ്കൾ ഈ വസ്തുതകളൊന്നും നോക്കിക്കാണാതെ വിശ്വാസപ്രമാണത്തിലെ അപ്രധാനമായ വിവാദവിഷയങ്ങളെ സംബന്ധിച്ച വാദങ്ങളിൽ എന്നെ അകപ്പെടുത്തുവാൻ ശ്രമിക്കുകയാണ്.

تو از آتش دخان بینی      من آتش از دخان بینم

*തുഅസ് ആതിശ് ദുഖാ(ൻ) ബീനീ,*
*മൻ ആതശ് അസ്ദുഖാ(ൻ) ബീനം*
"താങ്കൾക്ക് ആ അഗ്നിയിൽ ധൂമം മാത്രം കാണപ്പെടുന്നു;
ഞാനാകട്ടെ അതിന്റെ ധൂമത്തിൽപോലും അഗ്നി തന്നെ കാണുന്നു."

## അഹ്മദിയ്യാ സ്ഥാപകന്റെ വ്യക്തിമാഹാത്മ്യം

അഹ്മദിയ്യാ ജമാഅത്തിന്റെ ജനയിതാവായ മിർസാ സാഹിബിനെ കുറിച്ചുള്ള എന്റെ പഠനം ഇനിയും അപൂർണമായ നിലയിൽ ഇരിക്കുന്നതേയുള്ളൂ. അദ്ദേഹത്തിന്റെ ചരിത്രവും അധ്യാപനങ്ങളും പരിഷ്കരണോദ്യമവും ദൗത്യവും അദ്ദേഹത്തിന്റെ ഖുർ ആനികജ്ഞാനവും വിശ്വാസസിദ്ധാന്തങ്ങളും അദ്ദേഹത്തിന്റെ അപദാനങ്ങളുമെല്ലാം മനസ്സിലാക്കുന്നതിന് എത്ര കാലം പിടി ക്കുമെന്ന് എനിക്ക് പറയാനാവില്ല. എന്തു കൊണ്ടെന്നാൽ അവയെ സംബന്ധിച്ച് കൂലങ്കഷമായ പഠനത്തിനു ഒരു ഭഗീരഥ പ്രയത്നം തന്നെ വേണ്ടിയിരിക്കുന്നു. ഇതു പക്ഷേ എന്റെ കഴിവിൽ പെട്ടതായിരിക്കയില്ല. എന്നിരുന്നാലും, ഇതുവരെയുള്ള എന്റെ അനുഭവ ജ്ഞാനത്തെ സംക്ഷേപിച്ച് പറയുവാൻ നിർബന്ധിതനാകുന്ന പക്ഷം ഞാൻ കലവറ കൂടാതെ പറയുന്നു: മിർസാ സാഹിബ് അസാധാരണ മനക്കരുത്തും സ്ഥിരചിത്തതയും അന്തർദൃഷ്ടിയും കാര്യജ്ഞാനവുമുള്ള ഒരു പ്രഗൽഭാത്മാവായിരുന്നു. മഹാധിഷണാശാലിയായ അദ്ദേഹം സവിശേഷമായ ആത്മഭാവത്തോടു കൂടിയാണ് ആഗതനായത്. താൻ മുജദ്ദിദും മഹ്ദിയുമാണെന്നുള്ള അദ്ദേഹത്തിന്റെ വാദം അടിസ്ഥാനരഹിതമായ ഒന്നായിരുന്നില്ല.

ഇതിനെ സംബന്ധിച്ചും അതെങ്ങനെ? എന്തു കൊണ്ട്? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ എന്നോട് ചോദിക്കുക. എന്തെന്നാൽ അത്തരത്തിലുള്ള ചർച്ചയ്ക്ക് സുദീർഘവും സവിസ്തരവുമായ ഒരു നിരൂപണം ആവശ്യമായി വരും. പ്രകൃതവിഷയം മറ്റൊന്നാണല്ലോ. എങ്കിലും താങ്കളുടെ കത്തിനെ മുൻനിറുത്തി ഒരു സംഗതി ഇവിടെ പ്രസ്താവിക്കാതിരിക്കാൻ നിർവാഹമില്ല. അതായത് താങ്കൾ പ്രസ്തുത ജമാഅത്തിന്റെ

പേരിൽ ഉന്നയിച്ചിരിക്കുന്ന മിക്കവാറും എല്ലാ ആക്ഷേപങ്ങളും കേവലം അർഥരഹിതവും അബദ്ധജടിലവുമാണെന്നു തന്നെ. മാത്രമല്ല അവയിൽ ചിലത് തികച്ചും താങ്കളുടെ ഊഹങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വയുമാണ്. അവയ്ക്ക് യാഥാർഥ്യവുമായി യാതൊരു ബന്ധവുമില്ല.

## ആക്ഷേപങ്ങളുടെ നിരർഥകത

1. അഹ്മദിയ്യാ ജമാഅത്ത് അവരുടെ സാക്ഷാൽ വിശ്വാസസിദ്ധാന്ത ങ്ങൾ ഇസ്‌ലാമിക രാജ്യങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നില്ലെന്നാണ് താങ്കൾ പറയുന്നത്. ഇതു ശരിയല്ല. ഒന്നാമത് അവർ വിദേശങ്ങളിൽ പ്രചരിപ്പി ക്കുന്നതു മുസ്‌ലിം ജനസാമാന്യത്തിനുള്ള അതേ വിശ്വാസാശയങ്ങളായി രുന്നുവെങ്കിൽ അവർ തീർച്ചയായും അതിനെക്കുറിച്ചു ചോദ്യം ചെയ്യ പ്പെടുമായിരുന്നു. നിങ്ങളുടെ വിശ്വാസങ്ങൾ ഭൂരിപക്ഷ മുസ്‌ലിംക ളുടേതു തന്നെയായിരിക്കെ നിങ്ങൾ പ്രത്യേകം ജമാഅത്തായി പിരിഞ്ഞു നിൽക്കേണ്ടുന്ന ആവശ്യമെന്ത്? എന്ന ചോദ്യത്തിനു അവർ ഉത്തരം പറയേണ്ടിവരു മായിരുന്നു. എന്നാൽ ആരും ഇതേവരെ അവരോടു ഈ ചോദ്യം ഉന്നയിക്കുകയുണ്ടായിട്ടില്ല. തന്നെയുമല്ല, അന്യഭാഷകളിൽ പ്രസി ദ്ധം ചെയ്യപ്പെടുന്ന അവരുടെ വക പത്രങ്ങളും മാസികകളും ലഘു ലേഖകളും വായിച്ചു നോക്കുന്നതായാലും തങ്ങളുടെ വിശ്വാസ പ്രമാണങ്ങളും ആശയാഭിപ്രായങ്ങളും അവർ മറച്ചുവെക്കുന്നില്ലെന്നു കാണാവുന്നതാണ്. തങ്ങൾ സത്യമെന്നു വിശ്വസിക്കുന്നവ തന്നെയാണ് അവർ പരസ്യമായി പ്രബോധനം ചെയ്യുന്നതും. ഇങ്ങേയറ്റം മിർസാ സാഹിബിന്റെ കൃതികൾ ഇതരഭാഷകളിൽ തർജ്ജമ ചെയ്യപ്പെട്ടിട്ടുമുണ്ട്. അഹ്മദിയ്യത്തിന്റെ യഥാർഥ ദൗത്യം ലോകത്തെ അറിയിക്കുന്നതിനായി ട്ടത്രെ അവർ ആ തർജ്ജമകൾ അച്ചടിച്ചിറക്കിയിരുന്നത്. അഫ്ഗാനിസ് താനിൽ വെച്ചു അവരുടെ മുബല്ലിഗ് (മിഷ്യനറി) അഹ്മദിയ്യാ വിശ്വാസം പ്രചരിപ്പിക്കുന്നതിൽ ഏർപ്പെട്ടുവെന്ന ഒരേ കുറ്റത്തിനു വധിക്കപ്പെട്ടിരു ന്നതു താങ്കളറിഞ്ഞിട്ടില്ലെ? അവരുടെ മറ്റൊരു മുബല്ലിഗ് ദിമശ്ക് (ഡമാ സ്ക്കസ്)ൽ വെച്ച് ഇതേ കാരണത്തിന് മാരകമായ നിലയിൽ കുത്തി മുറിവേൽപ്പിക്കപ്പെടുകയുണ്ടായിട്ടുമുണ്ട്. 1924ൽ അഹ്മദിയ്യാ നേതാവ് വിംബ്ലിയിലെ സർവമതമഹാസമ്മേളനത്തിൽ പങ്കെടുക്കുന്നതിനു വേണ്ടി ലണ്ടനിലേക്കും പോകുന്ന വഴിക്ക് ദിമശ്കിൽ ഇറങ്ങി താമസിക്കുകയും അവിടത്തെ ആലിംകളുമായി അഹ്മദിയ്യാ വിശ്വാസാശയങ്ങളെ അധിക രിച്ചു വാദപ്രതിവാദം നടത്തുകയും ചെയ്തിട്ടുള്ളതു പ്രസിദ്ധമായ സംഗ തിയാണ്. ഈ നിലക്ക് അന്യരാജ്യങ്ങളിൽ അവരുടെ പ്രചാരണ സമ്പ്ര ദായം വേറൊന്നാണെന്നുള്ള താങ്കളുടെ സങ്കൽപം തീർച്ചയായും അബ

ദ്ധമാണ്. ലണ്ടനിൽ നിന്നു പ്രസിദ്ധമാകുന്ന 'ഇസ്‌ലാമിക് റിവ്യു' എന്ന മാസിക കണ്ടിട്ടായിരിക്കാം താങ്കൾ ഇങ്ങനെ അഭിപ്രായപ്പെട്ടത്. ആ പത്ര ഗ്രന്ഥത്തിനു അഹ്മദിയ്യാ ജമാഅത്തുമായി യാതൊരു ബന്ധവു മില്ലെന്ന വസ്തുത താങ്കൾക്ക് അറിഞ്ഞുകൂടായിരിക്കാം.

2. താങ്കളുടെ മറ്റൊരാക്ഷേപം കഅ്ബായിൽ നിന്നു ഹജറുൽ അസ്‌വദി (കറുത്ത കല്ലി) ന്റെ ഒരു കഷ്ണം മോഷ്ടിച്ചു കൊണ്ടു വരാൻ അഹ്മദി കൾ ഉദ്യമിച്ചിട്ടുണ്ടെന്നതാണല്ലൊ. താങ്കളുടെ ഈ ശുദ്ധഗതിയെക്കുറിച്ച് ഞാനെന്തു പറയാനാണ്? ആശ്ചര്യം! താങ്ക ൾ എങ്ങനെയാണ് ഇതിൽ വിശ്വാസം കൊണ്ടത്? അവരെന്തിനു അങ്ങനെ ചെയ്യണം എന്നൊന്നു താങ്കൾ ആലോചിക്കരുതോ! ഖാദിയാൻ മറ്റൊരു കഅ്ബയാക്കി തീർക്കു വാനായിട്ടാണോ? അഥവാ ആ കല്ല് സ്വർഗീയാനുഗ്രഹങ്ങളുടെ ആകർ ഷണകേന്ദ്രമാണെന്നു കരുതിയതിനാലോ? എന്നാൽ മക്കാ മദീന എന്ന പുണ്യസ്ഥലങ്ങളുടെ പേരിൽ അവർക്കുള്ള ബഹുമാനാദരങ്ങളുടെ ആ നിലവാരം മുസ്‌ലിംകളിൽ മറ്റേതെങ്കിലും കക്ഷിയ്ക്കുള്ളതായി കാണു ക പ്രയാസമാണെന്ന വസ്തുത താങ്കൾക്ക് അറിഞ്ഞുകൂടായിരി ക്കാം. ഈ സ്ഥലങ്ങളോടുള്ള അവരുടെ ബന്ധം ഹജറുൽ അസ് വദ് ശിലയുടെ കാരണത്താലോ കഅ്ബ മൂടുന്ന 'ഗിലാഫ്' (തിര ശ്ശീല) ഹേതുവായിട്ടോ ഉള്ളതല്ല. പിന്നെയോ? ഈ സ്ഥലങ്ങൾക്ക് ലോകത്തു വെച്ച് ഏറ്റവും ശ്രേഷ്ഠനായ തിരുനബിയുടെ ജന്മദേശവും വിഹാരരംഗവും ആയി രിക്കാനുള്ള സൗഭാഗ്യം സിദ്ധിച്ചിരിക്കുന്നുവെന്നതിനാലാണ് അവർക്ക് അവയുമായി ഈ അഭൗമമായ ബന്ധമുള്ളത്. ഇതു മോഷണം മുഖേന അപഹരിക്കപ്പെടാവുന്ന ഒരു ബന്ധമല്ലല്ലോ!

അഹ്മദിയ്യാ ജമാഅത്തും അവരുടെ നേതാക്കളും എങ്ങനെയുള്ളവരാ യിരുന്നാലും ഇത്തരം ചേഷ്ടിതങ്ങളാൽ തങ്ങളുടെ സ്വന്തം ദൗത്യത്തിനു ഹാനി വരുത്തുവാൻ മാത്രം അവർ അത്ര വങ്കന്മാരല്ല തന്നെ.

3. 'റബ്‌വയിൽ' (പാക്കിസ്ഥാനിലെ അഹ്മദിയ്യാ കേന്ദ്രത്തിൽ) 'കസറെ നുബുവ്വത്ത്' എന്നോ 'കസ്റെ ഉമ്മു അഖ്ദസ് ' എന്നോ പേരായി യാ തൊരു കെട്ടിടവുമില്ല. അങ്ങിനെ ഉള്ളതായി താങ്കൾക്ക് ലഭിച്ച വാർത്ത കേവലം ഭോഷ്ക്കാണ്. എന്നാൽ ഖലീഫയുടെ വസതിക്കു അവർ 'കസ് റെ ഖിലാഫത്ത് ' (ഖിലാഫത്ത് ഭവനം) എന്നു നാമകരണം ചെയ്തിട്ടു ണ്ടെന്നത് ശരിയാണ്. അവർ ഒരാളെ ഖലീഫയും ഇമാമുമായിട്ടു സ്വീക രിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ താമസസ്ഥലത്തെ ഖിലാഫത്തുമായി സംബന്ധിപ്പിച്ച് ആ നാമത്തിൽ അതിനെ അനുസരിക്കുന്നതു ഉചിതം

മാത്രമായിരി ക്കും. താങ്കൾക്കുള്ള ആക്ഷേപം ഒരു പക്ഷേ 'കസർ' എന്ന വാക്കിനെക്കുറിച്ചായിരിക്കാം. അതായത്. ആ ശബ്ദത്തിന് ഐശ്വര്യത്തിന്റെയും പ്രതാപത്തിന്റെയും പ്രതീതിയുണ്ടെന്നതിനാലായിരിക്കാം ആക്ഷേപം. എന്നാൽ അറബിയിൽ കസ്ർ എന്നതു കേവലം വസതി എന്നോ ഭവനം എന്നോ അർത്ഥത്തിൽ ഉപയോഗിക്കുന്നതാകുന്നു. ഇങ്ങേയറ്റം കുറേ കല്ലുകൾ അടക്കിവെച്ചുണ്ടാക്കിയ ഒരു മുറിയ്ക്കും 'കസർ' എന്നു പറയാവുന്നതാണ്.

ഖാദിയാനിലും റബ്‌വയിലും അവരുടെ വിശ്വാസത്തിൽ സവിശേഷ ബന്ധത്തോടു കൂടിയ ആളുകൾക്കായി പ്രത്യേകമൊരു ശ്മശാനമുണ്ട്. അതിനു മഖ്ബറ ബഹിശ്ത്തീ എന്നു പറയുന്നു. ഈ നാമധേയത്തിന്റെ നേരെ നെറ്റി ചുളിക്കേണ്ടുന്ന ആവശ്യമില്ല. താങ്കൾ മുതൽ പേര് പരേതാത്മാക്കളുടെ പേരോടൊന്നിച്ചു 'മർഹൂം' എന്നും 'മഗ്ഫൂർ' എന്നും ചില പദങ്ങൾ കൂട്ടിച്ചേർത്തു പറയാറുണ്ടല്ലോ. അതേപ്രകാരം അഹ്മദികളുടെ മൃതസംസ്കാരത്തിനുള്ള മഖ്ബറയ്ക്ക് സ്വർഗീയ ശ്മശാനം എന്നോ മറ്റൊ പേരു പറയുന്നതുകൊണ്ടു  വിരോധമെന്തുണ്ട്? മർഹൂം എന്നോ മഗ്ഫൂർ എന്നോ പറയുന്നതു ഒരു പ്രത്യാശയോ പ്രാർഥനയോ ആയിട്ടു കണക്കാക്കുന്നുണ്ടെങ്കിൽ അതുപോലെയുള്ള ഒരു സംഗതി തന്നെ യാണ് ഒരു ശ്മശാനത്തിനു സ്വർഗീയ സങ്കൽപം ചെയ്യുന്നതും. പിന്നെ അഹ്മദിയ്യാ കേന്ദ്രം സുഖലോലുപതയുടെയും വിഷയ സുഖത്തിന്റെയും ഗേഹമാണെന്നു പറയുകയാണെങ്കിൽ അതു അഹ്മദിയ്യാ പ്രസ്ഥാനത്തിനെതിരിൽ ചെയ്യപ്പെടുന്ന ഒരു നീചാക്രമണമായിരിക്കും. അങ്ങനെ അവർക്കെതിരിൽ നികൃഷ്ടായുധം പ്രയോഗിക്കുന്നതുചിതമല്ലെന്നും പറയാതെ കഴിയില്ല. അതുമൂലം അഹ്മദികൾക്ക് യാതൊരു ഹാനിയും വരാനില്ല. മറിച്ച് അതുവഴി താങ്കളുടെ അധമത്വബോധമായിരിക്കും വെളിപ്പെടുമാറാകുന്നത്.

4. അഹ്മദിയ്യാ പ്രസ്ഥാനം 'കറാമിത്ത' രുടെയും 'ബാത്തിനി' കളുടെയും പോലുള്ള ഒരു അക്രമാത്മകപ്രസ്ഥാനമാണെന്നു കൂടിയും താങ്കൾ ഒരിടത്തു പ്രസ്താവിച്ചിട്ടുണ്ട്. ഇതു വായിച്ചു ഞാൻ അന്ധാളിച്ചു പോയി! കറാമിത്തരുടെ ചരിത്രമോ അഹ്മദിയ്യാ ജമാഅത്തിന്റെ ജീവിതമോ താങ്കൾ പഠനം ചെയ്തിട്ടില്ലെന്നാണ് ഇതിൽ നിന്ന് മനസ്സിലാകുന്നത്. കൊലരക്തച്ചൊരിച്ചിൽ തുടങ്ങിയ അക്രമത്തിന്മേൽ അടിയുറപ്പിക്കപ്പെട്ടിരുന്ന ഒരു രണ്ട് പ്രസ്ഥാനത്തിന്റെ ആൾക്കാരായ കറാമിത്തരും* ബാത്തിനിക

* ഇക്കൂട്ടർ ഇസ്‌ലാം സാമ്രാജ്യത്തിൽ ഭയങ്കര നാശം വരുത്തി വെച്ചവരായിരുന്നു.

ളും എവിടെ? എപ്പോഴും അക്രമത്തിനും ഹിംസയ്ക്കും ലക്ഷീകരിക്ക പ്പെട്ടു പോന്ന അഹ്മദികളെവിടെ? അഹ്മദികളാകട്ടെ തങ്ങളുടെ വിശ്വാ സമാകുന്ന ധർമവൃക്ഷത്തിനു എപ്പോഴും സ്വന്തം ചുടുരക്തം കൊണ്ട് സേചനം ചെയ്തുവന്നവരാണ്. അടുത്ത കാലത്താണല്ലോ അവർക്കെതി രായി പാക്കിസ്ഥാനിൽ നടന്ന് ഒരു കള്ളപ്രചാര വേലയുടെ ഫലമായി– റസൂൽ തിരുമേനി (സ)യെ ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിക്കുന്നി ല്ലെന്ന വ്യാജേന – അവർ അങ്ങേയറ്റം നിർദാക്ഷിണ്യമായി കൊലയ്ക്കും കൊള്ളയ്ക്കും ലക്ഷ്യമായത്. ഇത്തരം അക്രമങ്ങളെല്ലാം അവർ ക്ഷമ യോടും പൊറുമയോടും സഹിച്ചു. അവസാനം തങ്ങളുടെ ചോര ചൊരി യുമാറായ ആ ഉപഭൂഖണ്ഡത്തിൽ അവർ 'റബ്വ' എന്നൊരു നവനഗരം പണിത് അവിടെ കേന്ദ്രസ്ഥാപനങ്ങൾ കെട്ടിയുറപ്പിച്ചു കൊണ്ട് ധർമ പ്രേമത്തിന്റെ ത്യാഗപരമായ അത്ഭുതശക്തി ലോകത്തിനു വെളിപ്പെടു ത്തിക്കൊടുത്തു.

5. ഈയിടെയായി മിർസാ സാഹിബിന്റെ ലിഖിതങ്ങൾ മഹത്തായ ഒരു തത്ത്വജ്ഞാനസംഹിതയുടെ നിലയിൽ പ്രദർശിപ്പിക്കപ്പെടുകയാണെ ന്നു താങ്കൾ സാശ്ചര്യം പ്രസ്താവിക്കുന്നുവല്ലോ! ഇതിന്റെ അർഥം ഇതി നുമുമ്പ് മിർസാ സാഹിബിന്റെ കൃതികൾ ഈ നിലയ്ക്ക് പ്രകാശിതമാ യിരുന്നില്ലെന്നാണ്. വാസ്തവത്തിൽ മിർസാ സാഹിബിന്റേതായി ഏതെ ല്ലാം ലിഖിതങ്ങൾ ഇന്നു പ്രസിദ്ധമായിക്കൊണ്ടിരിക്കുന്നുവോ അവയെ ല്ലാം മുമ്പും അപ്രകാരം തന്നെ പ്രസിദ്ധീകൃതമായിരുന്നവയാണ്. ആ കൃതികളിൽ ഇന്ന് തത്ത്വജ്ഞാനം വെളിപ്പെട്ടുകാണുന്നുവെങ്കിൽ അതു മുമ്പും അവയിൽ അങ്ങനെതന്നെ ഉണ്ടായിരുന്നു. ആകയാൽ താങ്കളുടെ ഈ ആക്ഷേപം എനിക്ക് തീരെ മനസ്സിലായില്ല!

6. മിർസാ സാഹിബ് റസൂൽ തിരുമേനിയെ ഖാത്തമുന്നബിയ്യീനെന്നു വിശ്വസിക്കുന്നില്ലെന്നു പ്രസ്താവിച്ചുകൊണ്ട് അതിലേക്ക് തെളിവെന്നോ ണം താങ്കൾ പൂർവപക്ഷവും ഉത്തരപക്ഷവും ഉന്നയിച്ചിരിക്കുന്നതും എനിക്ക് ദുർഗ്രഹമായിരിക്കുകയാണ്. റസൂൽ തിരുമേനി (സ) ഖാത്തമു ന്നബിയ്യീനാണെന്നു മിർസാ സാഹിബ് വിശ്വസിക്കുന്നതായിട്ട് താങ്കൾ ഒരു ഭാഗത്തു സമ്മതിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ മിർസാ സാഹിബ് വാദിച്ചിരുന്നതു താൻ 'സില്ലെ നബി' ( ظلّ نبی )റസൂൽ തിരു

---

'ഹശീശീൻ' അഥവ 'അസ്സാസിൻസ് ' എന്ന കുനാമത്തിൽ അറിയപ്പെട്ടിരുന്ന ഈ നശീകരണപ്രസ്ഥാനക്കാരുടെ കുചെയ്തികളും കുനഷ്ടുകളും ചരിത്രപഠിതാക്കൾക്ക് അജ്ഞാതങ്ങളല്ല. മഹാ അക്രമകാരികളും ദുർമ്മാർഗികളും നിഷ്ഠൂരരും ആയിരുന്നു വെന്നുള്ളത് അവരുടെ ഒരു പ്രത്യേകതയായിരുന്നു. (പരിഭാഷകൻ)

മേനിയുടെ പ്രതിബിംബ മായ നിലയിൽ പ്രവാചകത്വം സിദ്ധിച്ചയാൾ– അഥവാ വാഗ്ദത്ത മഹ്ദി ആണെന്നത്രേ. അദ്ദേഹത്തിന്റെ ഈ വാദം റസൂൽ തിരുമേനി (സ) ഖാത്തമുന്നബിയ്യീൻ ആണെന്ന തത്ത്വത്തിന്നു വിരുദ്ധമല്ല. എന്തുകൊണ്ടെന്നാൽ മിർസാ സാഹിബ് ഏതൊരു പ്രവാചകത്വപദത്തെയാണോ അന്തിമപ്രവാചകത്വമെന്ന് വിശ്വസിച്ചിരുന്നത് ആ പ്രവാചകത്വം തനിക്കുള്ളതായി അദ്ദേഹം ഒരിക്കലും വാദിച്ചിരുന്നില്ല. അദ്ദേഹം പ്രതിബിംബാത്മകമായ പ്രവാചകത്വത്തെയാണ് സ്വയം വാദിച്ചിരുന്നത്, അതൊരു നവവാദമായി പരിഗണിക്കാനില്ല. റസൂൽ തിരുമേനി തന്നെ തന്റെ അനുയായികളിൽപെട്ട പണ്ഡിതഭവ്യന്മാരെ ഇസ്രായീൽ ഗോത്രത്തിലെ പ്രവാചകന്മാരോടു സാദൃശ്യപ്പെടുത്തി പറഞ്ഞിരിക്കുകയാണല്ലോ*. മിർസാ സാഹിബ് ആകട്ടെ 'ഉമ്മത്ത് ' മുഹമ്മദിയ്യയിൽ പെട്ടയാളുമാണ്.

മിർസാ സാഹിബിന്റെ വാദങ്ങളിൽ ഏറ്റവും പ്രധാനമായതു താൻ ഇസ്ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ട മുജദ്ദിദാണെന്നുള്ളതത്രെ. മറ്റൊരുപ്രകാരത്തിൽ പറയുന്നതായാൽ തിരുനബിയുടെ പ്രതിബിംബമായ വാഗ്ദത്ത മഹ്ദിയായിട്ടുള്ള ആളാണെന്നാകുന്നു. ഈ വാദങ്ങളുടെയെല്ലാം താല്പര്യം ഒന്നു തന്നെ അതായത് താൻ ഇസ്ലാം ധർമ്മത്തിന്റെ പുനരുജ്ജീവനാർത്ഥം നിയുക്തനായിരിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ വാദം. തീർച്ചയായും അദ്ദേഹം ഇസ്ലാമിക ഗുണകർമസ്വഭാവങ്ങളെ പുനരുജ്ജീവിപ്പിക്കുകയും തിരുപ്രവാചക മാതൃകയുടെ പ്രതിഭാസമാണെന്നും നിസ്സംശയം പറയാവുന്ന തരത്തിലുള്ള ജീവിതത്തോടു കൂടിയ ഒരു ജമാഅത്തിനെ സ്ഥാപിക്കുകയും ചെയ്തിരിക്കും. ഇത് അതർക്കിതമായ ഒരു വസ്തുതയാണ്. അദ്ദേഹം തനിക്ക് വഹ്യും ഇൽഹാമും (ദൈവബോധനം) സിദ്ധിച്ചിരിക്കുന്നതായും വാദിച്ചിട്ടുണ്ട്. പ്രഥമ ദൃഷ്ടിയിൽ ഈ വഹ്യ് ഇൽഹാം വാദം അപകടകരമായ ഒന്നായിട്ട് തോന്നിയേക്കാം. ഈ വിഷയത്തെ അധികരിച്ച് ഞാൻ 'നിഗാറിൽ' എഴുതിയിട്ടുള്ള ഒരു പ്രത്യേക ലേഖനത്തിൽ വഹ്യും ഇൽഹാമും പ്രവാചകന്മാർക്ക് മാത്രമല്ല പ്രവാചകേതരർക്കും ലഭിക്കുന്നതാണെന്ന് ഖുർആൻ വാക്യങ്ങളെ ആധാരമാക്കി സവിസ്തരമായും സുവിശദമായും പ്രതിപാദിച്ചിട്ടുണ്ട്. തന്നെയുമല്ല, ഇതര ജീവികൾക്കുള്ള പ്രകൃതിബോധനങ്ങൾക്കു കൂടിയും വിശുദ്ധഖുർആനിൽ വഹ്യ് ശബ്ദം പ്രയുക്തമായിക്കാണാം. ഇതിനു പുറമെ

---

علمآء امّتی کانبیآء بنی اسرآئیل

എന്റെ അനുയായികളായ പണ്ഡിതന്മാർ ഇസ്രായീൽ ഗോത്രത്തിലെ പ്രവാചകന്മാരെപ്പോലെയുള്ളവരാകുന്നു. (ഹദീസ്) – പരിഭാഷകൻ

ഭക്തി പ്രചോദനങ്ങളെന്ന പോലെ ദോഷപ്രവണതകളും ഇൽഹാം എന്ന പദം കൊണ്ട് ഖുർആനിൽ വ്യവഹരിക്കപ്പെട്ടിട്ടുമുണ്ട്.

فالهمها فجورها وتقوٰها

ഇനിയുള്ളത് മിർസാ സാഹിബ് വാസ്തവത്തിൽ ഇൽഹാം എന്ന ദൈവബോധനം കൊണ്ട് അനുഗൃഹീതനായിട്ടുണ്ടോ എന്നും അദ്ദേഹത്തിനുണ്ടായ ഇൽഹാമുകൾ എങ്ങനെയുള്ളവയാണെന്നുമുള്ള സംഗതിയാണ്. ഇതൊരു പ്രത്യേക വിഷയമാകുന്നു. ഇതിനെകുറിച്ച് ഞാൻ ഇനിയൊരവസരത്തിൽ സവിസ്തരം പ്രതി പാദിച്ചുകൊള്ളാം.

പിന്നെ നാസിഖ് - മൻസൂഖ് * ഈസാ നബിയുടെ മരണം ഇത്യാദി വിഷയങ്ങളെക്കുറിച്ച് മിർസാ സാഹിബ് പ്രകടിപ്പിച്ച അഭിപ്രായങ്ങളെ

---

* ഖുർആനിലെ ചില ആയത്തുകളാൽ മറ്റു ചില ആയത്തുകളിലെ വിധി വിലക്കുകൾ ദുർബലപ്പെട്ടുപോയിരിക്കുന്നു എന്നു മുസ്ലിം ഭൂരിപക്ഷം വിശ്വസിച്ചുവരുന്നു. മറ്റൊരു പ്രകാരത്തിൽ പറയുന്നതായാൽ ഖുർആനിൽ ദുർബലപ്പെട്ടുപോയ അനേകം ആയത്തുകൾ ഉണ്ടെന്നും അവ നാം ഓതിക്കൊണ്ടിരിക്കുന്നവയും ഓതിക്കൊണ്ടിരിക്കേണ്ടവയുമാണെന്നും അവയിലടങ്ങിയ വിധിവിലക്കുകൾ ദുർബലപ്പെട്ടുപോയതുകൊണ്ട് അവയെ അനുസരിക്കേണ്ടതില്ലെന്നും അവർ വിശ്വസിക്കുന്നു. അങ്ങനെ ദുർബലപ്പെട്ടുപോയ മൻസൂഖ് ആയ ആയത്തുകളാണെന്നും അതുകളെ ദുർബലപ്പെടുത്തിയവ നാസിഖായ ആയത്തുകളാണെന്നും പറയപ്പെടുന്നു. ഇപ്രകാരം ദൈവവചനമായ വിശുദ്ധ ഖുർആനിൽ നാസിഖും മൻസൂഖുമായ പരസ്പരവിരുദ്ധമായ വാക്യങ്ങളടങ്ങിയിട്ടുണ്ടെന്നാണ് മുസ്ലിം പണ്ഡിതന്മാരും അവരെ തുടർന്നു സാമാന്യരും പൊതുവെ വിശ്വസിച്ചു വന്നിരിക്കുന്നത്. ദുർബലപ്പെട്ടുപൊയ ആയത്തുകൾ അഞ്ചു മുതൽ അഞ്ഞൂറോളമാണെന്നു മതപണ്ഡിതന്മാർ കണക്കാക്കുകയും ഖുർആനിൽ നസ്ഖ് ഇല്ലെന്നു പറയുന്നതു മഹാ അപരാധമാണെന്നും തന്മൂലം അങ്ങനെ പറയുന്നവർ ദൈവത്തിങ്കൽ നിന്നു അകന്നവരാണെന്നും വിധിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ഈ വിശ്വാസം മുസ്ലിംകളിൽ രൂഢമൂലമായതിനു ശേഷം ഹിജ്റ പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദും വാഗ്ദത്ത മഹ്ദീമസീഹുമായി ആവിർഭവിച്ച ഹദ്റത്ത് അഹ്മദ് (അ) തനിക്കു ലഭിച്ച ദിവ്യജ്ഞാനമനുസരിച്ചു വിശുദ്ധ ഖുർആന്റെ മാഹാത്മ്യം വെളിപ്പെടുമാറ് എത്രയും മനോജ്ഞമായ നിലയിൽ ആ വിശുദ്ധഗ്രന്ഥത്തെ വ്യാഖ്യാനിക്കുകയും അക്കൂട്ടത്തിൽ അതിൽ യാതൊരു വൈപരീത്യവും വികൽപവുമില്ലെന്നും തെളിയിക്കുകയും ചെയ്കയുണ്ടായി. തന്നേയുമല്ല പരസ്പരവിരുദ്ധങ്ങളാണെന്നു മതപണ്ഡിതന്മാർ പരിഗണിച്ചിട്ടുള്ള ആ ആയത്തുകൾ ആ മഹാത്മാവിന്റെ വിശിഷ്ട വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ പരസ്പരം എത്രയും പൊരുത്തമുള്ളവയാണെന്നും വെളിപ്പെടുകയും ചെയ്തു. ഇത് അദ്ദേഹം ഇസ്ലാമിനു ചെയ്തിട്ടുള്ള മഹത്തായ സേവനങ്ങളിൽ ഒന്നാകു ന്നു. ഈ വിഷയം പൂർവകാലത്തെ വന്ദ്യരായ ഇമാമുകൾക്ക് പോലും പരിഹാരം കാണാൻ കഴിയാതിരിക്കുമാറ് അത്ര വിഷമകരമായ പ്രശ്നമായിപ്പോയിട്ടുണ്ടായിരുന്നു. (പരിഭാഷകൻ)

സംബന്ധിച്ചു പറയുകയാണെങ്കിൽ, അദ്ദേഹത്തിന്റെ അത്തരം അഭിപ്രായങ്ങളോട് നമ്മുടെ പൂർവ്വപണ്ഡിതന്മാരിൽ ചിലർക്കു അനുകൂലമുണ്ടായിരുന്നതായി കാണാനുണ്ട്. എന്നാൽ വ്യത്യാസമിതാണ്. മിർസാ സാഹിബ് ഇന്നത്തെ കാലാസ്ഥിതിയെ മുൻനിർത്തി ഏതെല്ലാം വിഷയങ്ങളെക്കുറിച്ച് തന്റെ ആശയങ്ങൾ കൂടുതൽ നിഷ്കൃഷ്ടമായും ശക്തിയുക്തമായും ലോകസമക്ഷം പ്രത്യക്ഷീകരിച്ചിരിക്കുന്നു.

അവസാനമായി ശേഷിച്ച ഒരു സംഗതി താൻ വാഗ്ദത്ത മഹ്ദിയാണെന്നുള്ള അദ്ദേഹത്തിന്റെ വാദമാണ്. അതിനെക്കുറിച്ച് താങ്കൾക്കും എനിക്കും ചിന്തിച്ചുനോക്കേണ്ടുന്ന ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ യഥാർഥത്തിൽ ഈ വാദം മഹ്ദിയുടെ ആവിർഭാവത്തെ ഹദീഥുകളാലും രിവായത്തുകളാലും തെളിയിക്കുന്ന അനഹ്മദിപണ്ഡിതലോകത്തിനുള്ള ഒരു വെല്ലുവിളിയാകുന്നു. അതേ ഹദീഥുകളും രിവായത്തുകളും ആധാരമാക്കിയാണ് ഹദ്റത്ത് മിർസാ സാഹിബ് താൻ വാഗ്ദത്ത മഹ്ദിയും മസീഹുമാണെന്നു വാദിക്കുകയും തെളിയിക്കുകയും ചെയ്തിരിക്കുന്നത്. ഈ വിഷയത്തെക്കുറിച്ചും എനിക്ക് സവിസ്തരം പ്രതിപാദിക്കാനുണ്ട്.

ഇത്രയും താങ്കളുടെ ആക്ഷേപങ്ങൾക്കുള്ള മറുപടിയായി. ഇതിനു പുറമെ എനിക്കു ചിലതു പറയാനുള്ളത് ഇതാണ്. താങ്കൾ സ്വന്തമായിട്ടു തന്നെ ഇക്കാര്യത്തിൽ പര്യേഷണം നടത്തേണ്ടിയിരിക്കുന്നു. മറ്റുള്ളവർ പറയുന്നതിൽ ആശ്രയിക്കാതെ സ്വന്തം നിലയിൽ പര്യേഷണം തുടരുന്ന പക്ഷം താങ്കളും ഈ സംഗതി സമ്മതിക്കുവാൻ നിർബന്ധിതനായിത്തീരുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതായത് അഹ്മദിയ്യത്തിന്റെ സ്ഥാപകൻ അസാമാന്യചിന്താശക്തിയും അവലോകനബുദ്ധിയുമുള്ള ഒരാളും പ്രകൃതിയാൽ പ്രത്യേക തരത്തിൽ അനുഗൃഹീതനായ ഒരു ധിഷണാശാലിയുമായിരുന്നു. പദാനുപദം മാർഗദർശനം സിദ്ധിച്ചുകൊണ്ടിരുന്ന അദ്ദേഹം തനിക്ക് പുറകെ സൽഗുണങ്ങളുടെയും ശിഷ്ടാചരങ്ങളുടെയും ഒരു ബൃഹൽസ്മാരകം വിട്ടുവെച്ചുപോയിരിക്കുകയാണ്. ''മേ ഗോയം വ ബഅ്ദസ്മൻ ഗോയദ് ബദസ്താൻഹാ' എന്നൊരു പാർസി കവിതാശകലത്തിൽ പറഞ്ഞിരിക്കുന്നതിൻ വണ്ണം ഈ പ്രസ്ഥാനത്തെക്കുറിച്ച് ഇനിയും അനേകർ പ്രശംസിച്ചു പറയുമാറാകും (1959 സപ് തംബർ).

## ആക്ഷേപത്തിനൊരു മറുപടി

സഹാറംപൂർ (ഉത്തരപ്രദേശ്) കാരനായ സയ്യിദ് നസീർ ഹുസൈൻ സാഹിബ് എന്നൊരാൾ അഹ്മദിയ്യാ ജമാഅത്തിന്റെ പേരിൽ ചില ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ട് എഴുതിയ ഒരു കത്തും അതിനുള്ള തന്റെ

മറുപടിയും അല്ലാമ: നിയാസ് സാഹിബ് 1959 ഒക്ടോബർ ലക്കം 'നിഗാർ' മാസികയിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതാണിത്.

ആക്ഷേപം: കുറച്ചു കാലമായി താങ്കൾ അഹ്മദിയ്യാ ജമാഅത്തിന്നനുകൂലമായി അഭിപ്രായപ്രകടനം ചെയ്തുവരുകയാണല്ലൊ, അതു വായിക്കുമ്പോൾ ഗ്രാഹ്യമാകുന്നത് താങ്കൾ ഇവരുടെ പ്രഭാവത്തിന് വളരെയെറെ വശഗനായിരിക്കുന്നുവെന്നാണ്. ഇക്കൂട്ടർ അനഹ്മദീമുസ്ലിംകളെ എത്തരത്തിലാണ് കരുതിപ്പോന്നിരുന്നത് എന്നു ഒരുപക്ഷെ താങ്കൾക്കറിഞ്ഞുകൂടായിരിക്കാം. സാധാരണ മുസ്ലിംകളുമായിട്ട് വൈവാഹികബന്ധത്തിൽ ഏർപ്പെടുന്നതു പോലും അവിഹിതമെന്ന് കരുതുമാറ് ഇവർ അത്രയേറെ പക്ഷ പാതബുദ്ധികളാണ്. മറ്റു മുസ്ലിംകളെ നമസ്കാരത്തിൽ തുടരാത്തവരുമാണ്. തങ്ങളൊഴിച്ച് മറ്റെല്ലാവരേയും ഇവർ കാഫിറെന്നു പറയുകയും വെറുപ്പോടെ വീക്ഷിക്കുകയും ചെയ്യുന്നു. പിന്നെയുള്ള പ്രശ്നം മിർസാ സാഹിബിന്റെ വാദത്തെ സംബന്ധിച്ചാണ്. താൻ മഹ്ദിയും മസീഹും നബിയുമാണെന്ന വാദം. ഇതിനെ സംബന്ധിച്ച് ഞാനൊന്നു പറഞ്ഞുകൊള്ളട്ടെ. ഇല്യാസ് ബർനിയുടെ 'ഫിതനയെ ഖാദിയാനിയ്യത്ത് ' എന്ന പുസ്തകം താങ്കൾ വായിച്ചു നോക്കിയാലും! മിർസാ സാഹിബിന്റെ വാദങ്ങൾ എത്ര കണ്ട് നിരർഥകവും സത്യവിരുദ്ധവുമാണെന്നു അതു വായിച്ചാൽ താങ്കൾക്കറിയാനാകും.

## മറുപടി:

ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രഭാവത്തിനു ധാരാളം വശഗനായിത്തീർന്നിരിക്കുകയാണെന്നു നിസ്സംശയം പറയാം. ഇതിനുള്ള കാരണം ഇപ്പോൾ മുസ്ലിമെന്നു പറഞ്ഞുകൊള്ളുന്ന സംഘങ്ങളിൽ വെച്ച് അഹ്മദിയ്യാ ജമാഅത്ത് ഒന്നു മാത്രമേ ശരിയായ അർഥത്തിൽ ഇസ്ലാ

---

ദക്ഷിണാപഥത്തിൽ അഹ്മദിയ്യത്തിന്റെ വലിയൊരു ശത്രുവായ ഇൽയാസ് ബർനീ സാഹിബ് എഴുതിയിട്ടുള്ള ഒരു പുസ്തകം പ്രത്യേകിച്ചും വായിച്ചു നോക്കുവാൻ ആക്ഷേപകാരൻ അല്ലാമയോട് ശുപാർശ ചെയ്തിട്ടുള്ളതിന്നു അദ്ദേഹം പറഞ്ഞിരിക്കുന്നു മറുപടി ശ്രദ്ധേയമാണ്. ആ പുസ്തകത്തിന്റെ ഉദ്ദേശം തൽബീസും കത്മാനേ ഹഖീഖത്തു മാത്രമാണെന്നത്രേ അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നത്. അതായത് കാര്യം മാറ്റിമറിച്ചു തെറ്റിധരിപ്പിക്കുകയും യാഥാർത്ഥ്യം മറച്ചുവെക്കുകയും ചെയ്യുന്ന വഞ്ചനാത്മകമായ ഒരു കൃതിയാണെന്നു തന്നെ. ഈയൊരടവാണ് സത്യത്തിന്റെ വിരോധികൾ എപ്പോഴും എല്ലേടവും സ്വീകരിച്ചുപോന്നത്. അതേ പ്രകാരം അഹ്മദിയ്യത്തിനെതിരിൽ വക്കീൽ ബർനി സാഹിബും അതേ കുനയം തന്നെ അവലംബിച്ചിരിക്കുകയാണ്. വിമർശപടുവായ അല്ലാമ നിയാസ് സാഹിബ് ആ ഖണ്ഡനകൃതി വായിച്ച് ഈ യാഥാർഥ്യം ഗ്രഹിച്ചു വച്ചിരിക്കുന്നുവെന്നത് ചാരിതാർഥ്യജനകം തന്നെ. (പരിഭാഷകർ)

മിന്റെ യാഥാർഥ്യം ഗ്രഹിച്ചിരിക്കുന്നുള്ളൂ എന്നതുതന്നെ. എന്നാൽ താങ്കളെന്നല്ല മുസ്‌ലിം ലോകമാകമാനം ഇസ്‌ലാം ധർമത്തെ ചില പ്രത്യേക വിശ്വാസകാര്യങ്ങളിൽ സീമിതമാക്കി നിറുത്തുകയും അതിൽ നിന്നു വ്യതിരക്തമായി ചിന്തിക്കുവാൻ കൂട്ടാക്കാത്ത മന:സ്ഥിതി പുലർത്തിപ്പോരുകയും ചെയ്തിരിക്കുകയാണ്. ഇസ്‌ലാമിന്റെ അഭിവൃദ്ധിയും മുസ്‌ലിംകളുടെ ഉന്നമനവും വിശ്വാസപ്രമാണങ്ങളുമായിട്ടു മാത്രമല്ല, സദാചാരസൽസ്വഭാവപ്രചലനകർമമായിട്ടും ബന്ധപ്പെട്ടതാണെന്ന വസ്തുത ചിന്താവിഷയമാക്കുവാൻ മുസ്‌ലിംകൾ അൽപം പോലും ക്ലേശിക്കുന്നില്ല. ഇതാണ് വലിയ വൈഷമ്യം!

അല്ലാഹു ഏകമാത്രനും റസൂൽ സത്യവാനുമാണെന്നുള്ള വിശ്വാസം നമ്മുടെ സാമൂഹ്യജീവിതത്തെ പ്രഭാവിതമാക്കിത്തീർക്കുന്നില്ലെങ്കിൽ അതു അർഥരഹിതമായ കേവലവിശ്വാസമായിരിക്കുന്നതാണ്. ഇതേ പ്രകാരം നിർണിതസമയങ്ങളിൽ പ്രത്യേക രീതിയിൽ ചെയ്യപ്പെടുന്ന ആരാധനാകർമം നമ്മുടെ സമഷ്ടിയായ ജീവിതസ്വരൂപത്തിൽ സ്വാധീനം ചെലുത്തുവാൻ സമർഥമാകുന്നില്ലെങ്കിൽ അതും നിഷ്പ്രയോജനമായിത്തീരുന്നു. ഇതാണ് ചരിത്രത്തിന്റെയും വിവേകബുദ്ധിയുടെയും തീരുമാനം. ആകയാൽ ജീവിതത്തിലെ കർമവശത്തെ മാത്രം ഇസ്‌ലാം ധർമം എന്നു ധരിക്കുകയും കേവലമായ വിശ്വാസത്തെ ധർമത്തിന്റെ അധിഷ്ഠാനമായി പരിഗണിക്കാതിരിക്കുകയും ചെയ്യുന്നതായി ഇന്ന് അഹ്മദിയ്യാ ജമാഅത്ത് അല്ലാതെ വേറേതൊരു ജമാഅത്താണ് മുസ്‌ലിംകളിലു ള്ളത് എന്നു ചിന്തിച്ചു നോക്കിയാലും!

കണ്ണു തുറന്നു നോക്കുവാൻ തുടങ്ങിയ കാലം മുതൽക്ക് ഞാൻ കണ്ടു വന്നിരിക്കുന്നത് മുസ്‌ലിംകൾ പരസ്പരം കഴുത്തിനു പിടിക്കുന്നതായിട്ടാണ്. സുന്നീ, ശിയാ, അഹ്‌ലു ഖുർആൻ, അഹ്‌ലു ഹദീസ്, വഹ്ഹാബി, ബിദ്അത്തീ എന്നിങ്ങനെ മുസ്‌ലിംകൾ എത്ര യെത്ര കക്ഷികളായി പിരിഞ്ഞിരിക്കുന്നു! ഇവരിൽ എല്ലാ കക്ഷികളും അന്യോന്യം കാഫിറെന്നു വിധിക്കുകയും അപ്രകാരം പറഞ്ഞു വരുകയും ചെയ്തു. ഏതാകിലുമൊരുവൻ മുസ്‌ലിമാണെന്നതിനെക്കുറിച്ചു എല്ലാവരും യോജിച്ചിരിക്കുന്നതിലേക്ക് ഒരു ഉദാഹരണം എവിടെയും കാണപ്പെട്ടിട്ടില്ല. ഇങ്ങനെ മുസ്‌ലിംകളുടെ ഇടയിൽ എത്രയും ശോച്യമായ നിലയിലുള്ള ഭിന്നതയും ഛിദ്രവും ഒരു ഭാഗത്ത് നടമാടിക്കൊണ്ടിരുന്നപ്പോൾ, മറുഭാഗത്ത് ആര്യസമാജവും ക്രൈസ്തവസംഘങ്ങളും ഇസ്‌ലാം സാഹിത്യത്തിന്റെയും ഇസ്‌ലാമിക നേതൃത്വത്തിന്റെയും നേരെ ആക്ഷേപശരമാരി ചൊരിഞ്ഞുകൊണ്ടിരുന്നു. ഈ വിപൽഘട്ടത്തിലാണ് മിർസാ ഗുലാം അഹ്മദ്

സാഹിബ് ഇസ്‌ലാമിന്റെ സംരക്ഷക്കായി മുന്നോട്ടു വന്നത്. അദ്ദേഹം സകലവിധ അഭിപ്രായവൈപരീത്യങ്ങളിലും ഭിന്നതകളിലും നിന്ന് അതീതനായി വർത്തിക്കുകയും ലോകം വിസ്മരിച്ചു കളയുകയോ തെറ്റിധരിച്ച് പോവുകയോ ചെയ്തിരുന്നതായ ഇസ്‌ലാം ധർമത്തിന്റെ ശരിയായ രൂപത്തെ ലോകസമക്ഷം അവതരിപ്പിക്കുകയും ചെയ്തു. ഇവിടെ അബൂബക്കറിനെയും അലിയെയും ചൊല്ലിയുള്ള ശണ്ഠയോ നമസ്കാരത്തിൽ കൈയുയർത്തുന്നതും ഉച്ചത്തിൽ ആമീൻ ചൊല്ലുന്നതും സംബന്ധിച്ച തർക്കമോ ഇല്ലായിരുന്നു. അപ്രകാരം തന്നെ ഖുർആനനുസരിച്ച് മാത്രം കർമിക്കുക എന്നതിനെക്കുറിച്ചോ ഹദീസിന്റെ പ്രാമാണ്യത്തെപ്പറ്റിയോ യാതൊരു വിവാദവുമുണ്ടായിരുന്നില്ല. ഒരു സിദ്ധാന്തം മാത്രമെ ദൃഷ്ടിപഥത്തിലുണ്ടായിരുന്നുള്ളൂ. അതായത് ഇസ്‌ലാം എന്നു പറഞ്ഞാൽ റസൂൽ തിരുമേനിയുടെ മാതൃകാജീവിതത്തെ അനുസരിക്കുക എന്നതു തന്നെ. അപ്പോൾ തിരുനബിയുടെ ആ കർമണ്യജീവിതത്തിന്റെ ആത്മപരിത്യാഗത്തിന്റെയും സാഹോദര്യത്തിന്റെയും സഹാനുഭൂതിയുടെയും ചലനാത്മകത്വത്തിന്റെയും കണിശമായ തരത്തിലുള്ള അനുകരണമാകുന്നു ഇസ്‌ലാം എന്നത്. തിരുനബിയുടെ ഭദ്രാചരണത്തിന്റെ സവിശേഷതയും ഇസ്‌ലാമിന്റെ അധിഷ്ഠാനമായ കർമാത്മകത്വത്തിന്റെ പ്രത്യേകതയും ഇതുതന്നെയാണ്.

മിർസാ ഗുലാം അഹ്മദ് സാഹിബ് എതിർശക്തികളോട് ചെറുത്തുകൊണ്ടു ഇസ്‌ലാമിനെ സംരക്ഷിക്കുന്നതിൽ ഉദ്യോഗിച്ചു തുടങ്ങിയ കാലത്ത് വലിയ വലിയ ആലിംകൾ പോലും പ്രതിയോഗികളുടെ എതിരിൽ മുന്നോട്ടു വരാൻ ധൈര്യപ്പെട്ടിരുന്നില്ല. അങ്ങനെയുള്ള ഒരു ഘട്ടത്തിൽ അദ്ദേഹം മുന്നോട്ട് വന്ന് സുഷുപ്തിയിൽ കിടന്ന മുസ്‌ലിംകളെ ഉണർത്തുകയും എഴുന്നേൽപ്പിക്കുകയും നടക്കുമാറാക്കുകയും ചെയ്തു. അവർ എല്ലേടവും സഞ്ചരിച്ചു. ഇന്ന് അവരുടെ പാദമുദ്ര പതിഞ്ഞിട്ടില്ലാത്തതോ അവൻ ഇസ്‌ലാം ധർമത്തിന്റെ ശരിയായ അധ്യാപനം എത്തിക്കാത്തതോ ആയ യാതൊരു രാജ്യകോണും ഭൂലോകത്ത് ശേഷിക്കാതാകുമാറുള്ള തരത്തിൽ ആ ഉത്ഥിതജനം സഞ്ചരിച്ചു വന്നിരിക്കുന്നു!

ഈ സ്ഥിതിയെല്ലാം കണ്ടിട്ടും താങ്കൾക്കു യാതൊരു ഭാവഭേദവും ഉണ്ടാകുന്നില്ലായിരിക്കാം. എന്നാൽ ഞാനാകട്ടെ ഈ വസ്തുസ്ഥിതികളാൽ അദ്ദേഹം തീർച്ചയായും വലിയൊരു മഹാത്മാവായിരുന്നുവെന്ന് ധരിക്കുവാനും അപ്രകാരം ഏറ്റു പറയുവാനും നിർബന്ധിതനായിരിക്കുന്നു. എന്തു കൊണ്ടെന്നാൽ അദ്ദേഹമാണ് പ്രസ്തുത ആപൽഘട്ടത്തിൽ ത്യാഗപരനായി മുന്നോട്ടുവന്ന് ഇസ്‌ലാമിനെ രക്ഷിക്കുകയും ലോ

കം തീരെ വിസ്മരിച്ചു കളഞ്ഞിരുന്നതായ ആദ്യ നൂറ്റാണ്ടുകളിലെ ആ പവിത്രാധ്യാപനത്തെ സജീവമാക്കിത്തീർക്കുകയും ചെയ്തത്.

പിന്നെ മിർസാ സാഹിബ് തന്നത്താൻ എത്തരത്തിൽ പ്രദർശിപ്പിച്ചു എന്ന സംഗതിയാണ്. അതത്ര ഗണ്യമായ കാര്യമല്ല. യഥാർഥ പ്രശ്നം അദ്ദേഹം തന്നെപറ്റി എന്തുപറഞ്ഞു എന്നതല്ല. അദ്ദേഹം എന്തു പ്രവർത്തിച്ചു കാണിച്ചു എന്നതാണ്. അദ്ദേഹത്തിന്റെ അപദാനം എത്രയും മഹത്തരമായിട്ടുള്ളതാകുന്നു. അതിനെ മുൻനിറുത്തി നോക്കുമ്പോൾ പാരമ്പര്യങ്ങളേയും സാങ്കേതികങ്ങളെയും അവഗണിച്ചുകൊണ്ട് അദ്ദേഹത്തിനു അങ്ങനെയെല്ലാം പറയുന്നതിനു അവകാശമുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. താൻ മഹ്ദി – മാർഗദർശനം സിദ്ധിച്ചവൻ ആണെന്നു അവകാശപ്പെടുവാൻ അദ്ദേഹത്തിനു അധികാരമുണ്ടായിരുന്നു. എന്തെന്നാൽ അദ്ദേഹം മാർഗദർശനം ലഭിച്ചയാളായിരുന്നു. താൻ മസീഹ് ആത്മീയ ഭിഷഗ്വരൻ ആണെന്ന് വാദിക്കാനും അദ്ദേഹത്തിനു അവകാശമുണ്ടായിരുന്നു. കാരണം അദ്ദേഹം ആത്മീയ രോഗങ്ങൾക്കുള്ള ചികിത്സകനായിരുന്നതു തന്നെ. അതേപ്രകാരം സില്ലെ നബി അഥവാ തിരുനബിയുടെ പ്രതിബിംബമാണെന്ന് താൻ എന്നു അദ്ദേഹം പറഞ്ഞുവെങ്കിൽ അതിനു അദ്ദേഹത്തിനു അവകാശമുണ്ടായിരുന്നു. എന്തെന്നാൽ അദ്ദേഹം നബിപ്രവരന്റെ പ്രതിച്ഛായയെ ന്നോണം ആ സമുന്നതമാതൃകപുരുഷനെ അനുപദം അനുകരിച്ചു നടന്നയാളായിരുന്നു.

ഇനിയുള്ളത് അഹ്മദികൾ അനഹ്മദികളുമായി വൈവാഹിക ബന്ധത്തിൽ ഏർപ്പെടുന്നില്ലെന്നും അവർ മറ്റുള്ളവരുടെ പിന്നിൽ തുടർന്നു നമസ്കരിക്കുന്നില്ലെന്നുമുള്ള ആക്ഷേപമാണ്. ഇതിനെ സംബന്ധിച്ചു ആർക്കെങ്കിലും ആവലാതിപ്പെടാനെന്തുണ്ട്? താങ്കളുടെ വിശ്വാസമാർഗത്തിനു എതിരു പ്രവർത്തിക്കുന്ന വ്യക്തികൾ ഉൾകൊണ്ട ഏതെങ്കിലും കുടുംബത്തിൽ വിവാഹം ചെയ്യുവാൻ താങ്കൾ ഇഷ്ടപ്പെടുമോ? സ്വന്തം പ്രവൃത്തിയാൽ നേതൃത്വത്തിനു അർഹരല്ലെന്നു കാണിച്ചിട്ടുള്ളവരെ താങ്കൾ പിൻപറ്റുമോ?

അഹ്മദിയ്യാ ജമാഅത്തിനു ഒരു പ്രത്യേക ജീവിതവ്യവസ്ഥിതിയുണ്ട്. അതനുസരിച്ചു അവരുടെ പുരുഷന്മാരും അവരുടെ കുട്ടികളും അവരുടെ സ്ത്രീകളുമെല്ലാം പ്രവർത്തിച്ചു പോരുന്നു. അതിനാൽ അവർ ഏതെങ്കിലുമൊരു അനഹ്മദീ പുരുഷനോ സ്ത്രീയോ ആയിട്ട് വൈവാഹികബന്ധം സ്ഥാപിക്കുന്ന പക്ഷം അവരുടെ സമഷ്ടിത്വം അതിനാൽ ബാധിതമായിത്തീരും. അപ്പോൾ ഈ ജമാഅത്തിന്റെ പ്രത്യേക സവിശേഷതയാകുന്ന ഐകരൂപ്യവും ഐകമത്യവും അലങ്കോലപ്പെട്ടുപോകും. ഈ നിലപാടിനു

താങ്കൾ പക്ഷപാതമനോ ഭാവം എന്നു പറയുന്നുവെങ്കിൽ ഞാനതിനു ഐക്യപാശഗ്രഹണം എന്നും ബുദ്ധിപൂർവമായ നയാവ ലംബനം എന്നുമാണ് പറയുക.

ഇനി ബർനീസാഹിബിന്റെ പുസ്തകത്തെപ്പറ്റിയാണ്. അതിനെക്കുറിച്ചു ഇതിലധികം ഞാൻ എന്തു പറയണം? അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുടെ ജീവിതവും അധ്യാപനവും സംബന്ധിച്ചിടത്തോളം ആ പുസ്തകം തൽബീസും (വഞ്ചനയും) കിത്മാനെ ഹഖീഖത്തും (യാഥാർഥ്യം മറച്ചു വെക്കലും) അല്ലാതെ മറ്റൊന്നുമല്ല. മിർസാ സാഹിബ് ഒരിക്കലും പറഞ്ഞിട്ടില്ലാത്ത വളരെയേറെ സംഗതികൾ അദ്ദേഹത്തിന്റെ പേരിൽ അഹ്മദിയ്യത്തിന്റെ വിരോധികൾ ആരോപിച്ചു കാണുമ്പോൾ അഹോ! ദുഃഖമുണ്ടാകുന്നു വിശേഷിച്ചും പ്രവാചകത്വസമാപ്തിയെ ഖതമുന്നുബുവ്വത്തിനെ സംബന്ധിച്ചു പൊതുവെ ജനങ്ങൾ ധരിക്കുന്നത് റസൂൽ തിരുമേനി ഖാതമുന്നബിയ്യീനാണെന്നു മിർസാ സാഹിബ് വിശ്വസിച്ചിരുന്നില്ലെന്നാണ്. ഇതു വാസ്തവമല്ല. മറിച്ചു നിയമശാസ്ത്രപരമായ (ശറയീ) പ്രവാചകത്വം റസൂൽ തിരുമേനിക്ക് ശേഷം എന്നേയ്ക്കുമായി നിറുത്തലായിപ്പോയിരിക്കുന്നു എന്നു തന്നെയാണ് അദ്ദേഹം ശക്തിയായി വാദിക്കുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നത്. ഇസ്ലാം ശരീഅത്ത് ലോകത്തിനുള്ള അവസാനത്തെ ധർമശാസ്ത്രമാണെന്നു അദ്ദേഹം കണിശമായും വിശ്വസിച്ചിരുന്നു. നിഗാർ (ഒക്ടോബർ 1960).

## ഞാനും അഹ്മദിയ്യാ ജമാഅത്തും

അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ചു അഭിപ്രായപ്രകടനം ചെയ്തു തുടങ്ങിയ ആ നാൾമുതൽ ഞാൻ ഉറപ്പിച്ചു കഴിഞ്ഞതാണ് എന്റെ ഈ അഭിപ്രായമാറ്റത്തെക്കുറിച്ചു ജനങ്ങൾ ആരാഞ്ഞു തുടങ്ങുമെന്ന്. വിശ്വാസപരമായി പ്രകൃതിവാദിയോ നിർമതനോ ആയ ഈ മനുഷ്യൻ എന്തിനാണ് അഹ്മദിയ്യത്തിനോട് ആനുകൂല്യം പ്രദർശിപ്പിക്കുന്നത്? മിർസാ ഗുലാം അഹ്മദ് സാഹിബിനെ ഇത്രയധികം പുകഴ്ത്തുന്നത്? എന്നൊക്കെ അവർ ചോദ്യം ചെയ്തു തുടങ്ങുമെന്ന്. എന്തെല്ലാമോ തരത്തിലുള്ള ദുരൂഹങ്ങളും ആരോപണങ്ങളും ആരംഭിക്കുമെന്നും ഞാൻ വിചാരിക്കാതിരുന്നില്ല. അപ്രകാരം തന്നെ ഇയ്യിടെ ഇന്ത്യയുടെയും പാക്കിസ്താന്റെയും വിവിധ കോണുകളിൽ നിന്ന് എനിക്കു കിട്ടിക്കൊണ്ടിരിക്കുന്ന എഴുത്തുകൾ എന്റെ ഈ അഭ്യൂഹത്തെ സാക്ഷാൽകരിക്കുകയും ചെയ്തു. ഉദാഹരണാർത്ഥം ഒരു കത്ത് ഞാനിവിടെ ഉദ്ധരിച്ചുകൊള്ളാം: ചമൻ നിവാസിയായ ശൈഖ് അബ്ദുല്ലാഹ് എന്നൊരാളുടെതാണത്.

അദ്ദേഹം എഴുതുകയാണ്.

പത്രക്കാർ അവരുടെ പത്രത്തിനു പ്രചാരം വർദ്ധിപ്പിക്കുന്നതിനു പര്യാപ്തമായ വിഷയം കൈവരാൻ അവസരം നോക്കി നിൽക്കുന്നവരാണല്ലോ. അതിനാൽ, താങ്കളുടെ ഇപ്പോഴത്തെ മലക്കം മറിച്ചിലിനെ കുറിച്ച് ആശ്ചര്യപ്പെടാനൊന്നുമില്ല. മുമ്പ് ചിലരെല്ലാം വിചാരിച്ചിരുന്നത് താങ്കൾ ഭൗതികവാദിയോ പ്രകൃതിവാദിയോ ആണെന്നാണത്രെ. എന്നാൽ ഇപ്പോൾ താങ്കൾ മിർസായീ ഖാദിയാനീ ആയിത്തീർന്നിരിക്കുകയാണെന്നോ, അവരുടെ പക്കൽ നിന്നു വൻതുക കൈക്കൂലിപറ്റിയിരിക്കുകയാണെന്നോ ആണ് അഭിപ്രായ പ്പെടുന്നത്. ആകയാൽ ഖുർആനിൽ നിന്നും ഹദീഥിൽ നിന്നുമുള്ള പ്രമാണങ്ങൾ തെളിവുകളായി ഉദ്ധരിപ്പിക്കപ്പെടാതിരിക്കുന്നേടത്തോളം താങ്കളുടെ പ്രസ്താവനകൾ ഗൗരവമർഹിക്കുന്നവയാകയില്ല. മേലിൽ നിഗാർ വഴി ഖാദിയാനിമതത്തെ പിന്താങ്ങുവാൻ ഉദ്ദേശിക്കുന്ന പക്ഷം ഖുർആനും ഹദീഥുമാകുന്ന പ്രമാണങ്ങളാൽ പരിവേഷ്ടിതനായിട്ടുവേണം രംഗത്തിറങ്ങുവാൻ.

ഈ കത്തിൽ മൂന്നപരാധങ്ങളാണ് എന്റെ പേരിൽ ചുമത്തപ്പെട്ടിരിക്കുന്നത്. ഒന്ന് ഞാൻ അഹ്മദിയ്യത്തിന്നനുകൂലമായി ലേഖനങ്ങളെഴുതിയതിന്റെ ഉദ്ദേശ്യം നിഗാർ മാസികയുടെ പ്രചാരം വർദ്ധിപ്പിക്കുകയാണെന്നാകുന്നു. രണ്ട് ഞാൻ അഹ്മദിയായിത്തീർന്നിരിക്കുന്നുവെങ്കിലും ദുഷ്കീർത്തിയെ ഭയന്ന് ഞാനതു വെളിപ്പെടുത്തുന്നില്ലെന്നാണ്. മൂന്ന് അഹ്മദിയ്യാ പ്രചാരണത്തിനായി എനിക്ക് അഹ്മദിയ്യാ ജമാഅത്തിൽ നിന്ന് ഒരു വൻതുക കൈക്കൂലിയായി ലഭിച്ചിരിക്കുന്നുവെന്നുമാണ്.

ഈ പറഞ്ഞ ആക്ഷേപങ്ങളിൽ ഒന്നും തന്നെ അസാധാരണമായിട്ടുള്ളതല്ല. പത്രലോകത്തും പ്രചാരണരംഗത്തിലും ഇത്തരം ദൃഷ്ടാന്തങ്ങൾ എത്രയോ കാണാം. അതായത് കേവലം സ്വാർഥലാഭത്തിനായി ആളുകൾ അവരുടെ സ്വന്തം വിശ്വാസാഭിപ്രായങ്ങൾ മാറ്റുകയോ മതപരിവർത്തനം ചെയ്കയോ സ്വന്തം ദേശീയതയും രാഷ്ട്രബന്ധവും ഉപേക്ഷിക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ നിഗാർ മാസികയെയും എന്റെ സ്വന്തം നിലയെയും സംബന്ധിച്ചേടത്തോളം ചുവടെ ഉദ്ധരിക്കുന്ന പദ്യത്തിലെ സാരത്തിൽ കൂടുതലായൊന്നും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

گفتہ بودی ہمہ زرق اند و فریب اند و
سعدی آں نیست ولیکن چو تو فرمائی ہست

അർത്ഥം:- എല്ലാം തന്ത്രവും വഞ്ചനയും മറിമായവുമാണ് എന്ന് നിങ്ങൾ പറഞ്ഞുവല്ലോ! എന്നാൽ സഅദീ അത്തരക്കാരനല്ല; തന്നെയെന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ അങ്ങനെ ആയിക്കൊള്ളട്ടെ.*

എല്ലാവർക്കും അറിയാം നിഗാറിനു ഒരു പ്രത്യേക അഭിജ്ഞ വൃത്തമുണ്ടെന്ന് - സാഹിത്യം രാഷ്ട്രീയം ഇത്യാതിവിഷയങ്ങളിലെല്ലാം സ്വതന്ത്രചിന്തയെയും സ്വതന്ത്രാഭിപ്രായത്തെയും പിന്താങ്ങുന്ന ഒരു വൃത്തം. അതുകൊണ്ടുതന്നെയാണ് ഇന്ത്യയിലാകെ എനിക്കും നിഗാർ മാസികയ്ക്കും എതിരായി നിരീശ്വര പാഷണ്ഡ വിശ്വാസാരോപണത്തിന്റെ കൊടുങ്കാറ്റ് അടിച്ചുവീശിയപ്പോൾ നിഗാറിന്റെ പ്രചാരത്തിനു യാതൊരു ബാധയുമേൽക്കാതിരുന്നത്. തന്നെയുമല്ല ധാരാളമാളുകൾ എനിക്കനുകൂലമായുണ്ടായിത്തീരുകയും ചെയ്തു.

ആകയാൽ ഈ നിലക്ക് അഹ്മദിയ്യത്തിനനുകൂലമായി ഞാനെന്തെങ്കിലും എഴുതുകയെന്നതു നിഗാർ മാസികയ്ക്ക് നഷ്ടകാരണമായിത്തീരുന്നതല്ലാതെ ലാഭകരമാകുന്നതല്ലെന്നത് പ്രത്യക്ഷമാണ്. എന്തുകൊണ്ടെന്നാൽ എന്റെ ആ എഴുത്തുകൊണ്ടു ഞാൻ മതവിഷയത്തിൽ പ്രതിലോമക്കാരനായിത്തീർന്നിരിക്കുകയാണെന്നു ആളുകൾക്ക് ബോധ്യം വരാനാണിടയുണ്ടായിരുന്നിരിക്കുക. അങ്ങനെ അവർ നിഗാറിനെ കൈയൊഴിക്കുവാൻ ഇടയാവുകയും ചെയ്തിരിക്കുമായിരുന്നു. ഇക്കാരണത്താൽ ഞാനിതെല്ലാം ചെയ്യുന്നത് നിഗാറിന്റെ പ്രചാരവൃത്തയെ ലാക്കാക്കിക്കൊണ്ടാണെന്നു അനുമാനിക്കുന്നത് ഒരു വിധത്തിലും ശരിയായിരിക്കാവതല്ല. പിന്നെ എന്റെ ഈ നയം മൂലം അഹ്മദിയ്യാ ജമാഅത്തിനിടയിൽ നിഗാറിനു അധികം വരിക്കാരുണ്ടായിത്തീരുമെന്നു ഞാനുദ്ദേശിക്കുന്നു എന്ന പക്ഷമാണെങ്കിൽ അതും വളരെ ദുർബലമായ ഒരു വശമാണെന്നു വേണം പറയാൻ. ഞാനോ മറ്റാരെങ്കിലുമോ അഹ്മദിയ്യാ ജമാഅത്തിനു വേണ്ടി പ്രചാരവേല ചെയ്യേണ്ടുന്ന ആവശ്യം അവർക്കില്ല തന്നെ. രണ്ടാമതു വല്ലപ്പോ

* *അതായത്, പാരസിക ഭക്തമഹാകവി സഅ്ദീ തന്റെ പേരിൽ എതിരാളികൾ കുതന്ത്രവും വഞ്ചനയും ആരോപിച്ചപ്പോൾ താൻ അത്തരക്കാരനൊന്നുമല്ലെന്നു ഉച്ചൈസ്തരം പ്രസ്താവിച്ചു. എന്നിട്ടും അവർ അദ്ദേഹത്തിന്റെ പേരിൽ ഈ കുറ്റാരോപണം തുടർന്നപ്പോൾ എന്നാൽ പിന്നെ നിങ്ങൾ പറയുന്നതുപോലെ ആയിക്കൊള്ളട്ടെ എന്നങ്ങു സമ്മതിച്ചുകൊടുത്തു. ഇതാണ് സഅ്ദി തന്റെ പ്രസ്തുത പദ്യത്തിൽ എടുത്തു പറഞ്ഞിരിക്കുന്നത്. അത് പോലെ തന്നെ നമ്മുടെ അല്ലാമാ നിയാസ് തന്റെ പേരിലുള്ള മേൽ പടി കുറ്റാരോപണത്തെ കുറിച്ചു എന്നാൽ പിന്നെ അങ്ങനെ ആയിക്കൊള്ളട്ടെ! എന്നു പറഞ്ഞിരിക്കുകയാണ്. മൃഢമർത്ത്യർ അവരുടെ മറുതലിപ്പീൽ ശഠിക്കുമ്പോൾ സലാം പറഞ്ഞു വഴിമാറുകയാണല്ലോ സാത്വിക ന്മാർക്കുള്ള ഒരേ പോംവഴി*

ഴെങ്കിലും ഞാൻ അഹ്മദിയായിത്തീർന്നേക്കുമെന്ന് അഹ്മദിയ്യാ ജമാഅത്തിനു ബോധ്യമാവുക എന്നത് വളരെ പ്രയാസമായിട്ടുള്ള ഒരു കാര്യമാണ്. എന്തെന്നാൽ വിശ്വാസകാര്യങ്ങളെ സംബന്ധിച്ചേടത്തോളം എനിക്കും അവർക്കുമിടയിൽ ധാരാളം ഭിന്നാഭിപ്രായങ്ങളാണുള്ളത്.

മൂന്നാമത്തെ ആരോപണം ഞാൻ വലിയൊരു തുക അഹ്മദിയ്യാ ജമാഅത്തിൽ നിന്നും കോഴയായി കൈപറ്റിയിരിക്കുന്നുവെന്നതാണല്ലോ. ഇതു സംബന്ധിച്ചു പ്രഥമവും പ്രധാനവുമായി പൊന്തിവരുന്ന ഒരു പ്രശ്നം അഹ്മദിയ്യാ ജമാഅത്തിന്റെ സകല പ്രവർത്തനങ്ങളും യാതൊരു കൈക്കൂലിയും കൂടാതെ തന്നെ ഉത്തമമായ നിലയിൽ നടന്നുകൊണ്ടിരിക്കവെ ഇങ്ങനെ ആർക്കെങ്കിലും കോഴ കൊടുക്കേണ്ടുന്ന ആവശ്യം അവർക്കെന്ത് എന്നതാകുന്നു. കാര്യത്തിന്റെ യാഥാർഥ്യം നോക്കുന്നതായാലും ഈ ആരോപണം കേവലം അടിസ്ഥാനരഹിതമാണെന്നു കാണാം. ഞാനിപ്പറയുന്നത് അവാസ്തവമായിരിക്കാവതല്ല, എന്തുകൊണ്ടെന്നാൽ ഞാൻ അവരിൽ നിന്ന് കൈക്കൂലി വാങ്ങിയതിനോടുകൂടിയാണ് അതിനെ നിഷേധിച്ചു പറയുന്നതെങ്കിൽ കുറഞ്ഞ പക്ഷം അഹ്മദിയ്യാ ജമാഅത്തിനെങ്കിലും ദൃഢബോധ്യമായിരിക്കും ഞാൻ എത്രയും വലിയ വ്യാജക്കാരനാണെന്ന്! അവരുടെ ദൃഷ്ടിയിൽ ഞാൻ എന്നെ ത്തന്നെ അങ്ങനെ എളിമയിലാക്കുവാൻ ഇഷ്ടപ്പെടുമായിരുന്നില്ല തന്നെ.

ഏതായാലും ഇത്തരത്തിലുള്ള ദുരൂഹങ്ങളെയും ദോഷാരോപണങ്ങളെയും ഗണ്യമാക്കാതെ ഞാൻ വീണ്ടുമൊരിക്കൽ സത്യബോധത്തോടുകൂടി പ്രഖ്യാപിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ അഹ്മദികളുടെ കർമണ്യജീവിതത്തെ തീർച്ചയായും പ്രശംസിക്കുന്നവനാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകനെക്കുറിച്ചു ഞാൻ പ്രശംസിച്ചു പറയുന്നുവെങ്കിൽ അതും അദ്ദേഹം മുസ്ലിംകളെ ശരിയായ പന്ഥാവിലേക്ക് വലിച്ചുകൊണ്ടുവരികയും സംഘടനാബോധത്തിന്റെ പ്രബലമായൊരാവേശം തന്റെ ജമാഅത്തിൽ ഉണ്ടാക്കിത്തീർക്കുകയും ചെയ്തുവെന്നതുകൊണ്ടാണ്. ഇതിനു തുല്യമായ ഒരു നില മുസ്ലിംകളിലുള്ള മറ്റു യാതൊരു ജമാഅത്തിലും കാൺമാനില്ല തന്നെ.

പിന്നെ ഞാൻ ഈ ജമാഅത്തിന്റെ വിശ്വാസകാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുകയാണെങ്കിൽ അതു ഖുർആന്റെയും ഹദീസിന്റെയും വെളിച്ചത്തിലായിരിക്കണമെന്ന ആവശ്യത്തെക്കുറിച്ചാണ് പറയാനുള്ളത്. ഇങ്ങനെ ഒരാവശ്യം ഉന്നയിച്ചു കാണുന്നതിൽ ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നു. എന്തെന്നാൽ അഹ്മദിയ്യാ ജമാഅത്ത് ഖുർആന്റെയും ഹദീഥി

ന്റെയും അധ്യാപനത്തിൽ നിന്നു മുഖം തിരിച്ചിരിക്കുന്നവരാണെന്നു തെളിയിക്കാതിരിക്കുന്നേടത്തോളം കാലം ഖുർആനിലും ഹദീഥിലും നിന്ന് പ്രമാണം കാണിക്കേണ്ടുന്ന പ്രശ്നമേ ഉദ്ഭവിക്കുന്നില്ല. തന്നെയുമല്ല ഈ ആക്ഷേപത്തിന്നു നേരെ വിപരീതമായ ഒരു നിലയാണ് എനിക്കു കാണുമാറായിരിക്കുന്നത്. അതായത്, ഖുർആന്റെയും ഹദീഥിന്റെ പാഠങ്ങളനുസരിച്ചു വർത്തിക്കുവാനുള്ള അഭിവാഞ്ഛയും ആവേശവും എത്രകണ്ട് അഹ്മദികളുടെ ഇടയിൽ കാണപ്പെടുന്നുവോ അത്രകണ്ട് ആവേശവും ഔത്സുക്യവും ഇതര മുസ്ലിം ജമാഅത്തുകളിൽ കാണപ്പെടുന്നില്ല.

അഹ്മദികളുടെ പേരിൽ ആരോപിക്കപ്പെടുന്ന ഏറ്റവും വലിയ ആക്ഷേപം അവർ ഖതമുന്നുബുവ്വത്തിൽ വിശ്വസിക്കുന്നില്ലെന്നതാണ്. എന്നാൽ ഇതിനെക്കാൾ നിരർത്ഥവും അബദ്ധവുമായ വേറൊരു ആരോപണം ഉണ്ടാകാവതല്ല. മിർസാ ഗുലാം അഹ്മദ് സാഹിബ് റസൂൽ തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിച്ചുപോന്നുവെന്നു മാത്രമല്ല തിരുനബിയുടെ ശരീഅത്ത് അവസാനത്തെ നിയമശാസ്ത്രമാണെന്നു കൈകൊള്ളുകളും ചെയ്തിട്ടുണ്ട്. എന്നിരിക്കെ, അദ്ദേഹത്തെ സംബന്ധിച്ച് ഇങ്ങനെ ഒരു തെറ്റിധാരണ ജനങ്ങളിൽ പരക്കുകയും അദ്ദേഹത്തിന്റെ കൃതികൾ വായിച്ചു നോക്കാതെ അന്യരുടെ എതിർ പ്രസ്താവനകളെ ഇപ്രകാരം ആളുകൾ വിശ്വസിക്കുമാറാകയും ചെയ്തതു ആശ്ചര്യാവഹമായിരിക്കുന്നു.!

ഇതിനോട് അനുബന്ധിച്ച് ചർച്ചാവിഷയമായിതീരുന്ന മറ്റൊരു സംഗതി, താൻ വാഗ്ദത്ത മഹ്ദീ മസീഹാണെന്നു അദ്ദേഹം വാദിച്ചത് എത്രത്തോളം സ്വീകാര്യമാണെന്നുള്ളതത്രെ. ഇതിനാകട്ടെ ഞാൻ അധികം പ്രാധാന്യം കൽപിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ വാഗ്ദത്തമഹ്ദിയുടെ ആഗമനത്തെയും ദജ്ജാലിന്റെ പുറപ്പാടിനെയും സംബന്ധിച്ചു പ്രസ്താവിക്കുന്ന ഹദീഥ് നിവേദനങ്ങൾ ശരിയല്ലെന്നു ഞാൻ വിശ്വസിക്കുന്നു. എന്നിരുന്നാലും മിർസാ സാഹിബ് ഇസ്ലാമിനു വിലതീരാത്ത സേവനങ്ങൾ ചെയ്തിട്ടുള്ളയാളാണെന്ന യാഥാർഥ്യം അപ്പടി നിർബാധം നിലനിൽക്കുക തന്നെ ചെയ്യുന്നു. ഇതുതന്നെയാണ് സാരവത്തായിട്ടുള്ളത്.

വിശ്വാസകാര്യങ്ങളെ സംബന്ധിച്ചേടത്തോളമാണെങ്കിൽ അഹ്മദികൾക്കും സാമാന്യ മുസ്ലിംകൾക്കും ഇടയിൽ യാതൊരു ഭിന്നതയും ഇല്ലെന്നു വേണം പറയുവാൻ. ഇരുകൂട്ടരും ദൈവത്തിന്റെ ഏകതാസിദ്ധാന്തത്തിൽ വിശ്വസിക്കുന്നു. ഇരുവരും തിരുനബി (സ) ഖാത്തമുന്നബിയ്യീൻ ആണെന്നു വിശ്വസിക്കുന്നു. ഖുർആൻ ദൈവവചനമാണെന്നു ഇരു കൂട്ട

രും ബോധിക്കുന്നു. അതുപോലെ ഇരുപക്ഷക്കാരും ഹദീസിനെ ആധാരമാക്കി പ്രവർത്തിക്കുകയും ചെയ്യുന്നു. ആത്മാവിന്റെ അനശ്വരത മരണാനന്തരജീവിതം പുനരുത്ഥാനം ശിക്ഷാരക്ഷ, സ്വർഗ്ഗനരകങ്ങൾ അദ്ഭുത ദൃഷ്ടാന്തം ഇത്യാദി സംഗതികളെക്കുറിച്ചെല്ലാം രണ്ടുകൂട്ടരും വിശ്വസിക്കുന്നുണ്ട്. അതിനാൽ മുസ്ലിംകൾക്ക് പൊതുവെ മിർസാ സാഹിബിന്നെതിരിൽ യാതൊന്നും ഉരിയിടാൻ അവകാശമില്ല.

ഇനി അദ്ദേഹം മുജദ്ദിദും വാഗ്ദത്ത്മഹ്ദിയും മസീഹുമാണെന്നു എന്തിനു വിശ്വസിക്കണം എന്നു നിങ്ങൾ ചോദിക്കുകയാണെങ്കിൽ അതിനു മതവുമായിട്ടു യാതൊരു ബന്ധവുമില്ലെന്നായിരിക്കും ഞാൻ പറയുക. അഥവാ ബന്ധമുണ്ടെങ്കിൽ തന്നെ അദ്ദേഹത്തിന്റെ ആ വാദത്തെ നിഷേധിക്കുവാൻ നിങ്ങളുടെ പക്കൽ യാതൊരു ന്യായീകരണവുമില്ല. അപ്രകാരം വിശ്വസിക്കുവാൻ ഞങ്ങൾക്കു മനസ്സുവരുന്നില്ല എന്നു പറയുകയല്ലാതെ നിങ്ങൾക്ക് എന്താണൊരു നിർവ്വാഹം! ഇതിനുവിപരീതമായി അദ്ദേഹം തന്റെ വാദത്തിനു തെളിവായി വളരെയേറെ ഹദീഥുനിവേദനങ്ങൾ അവയുടെ വിശ്വാസ്യതയെ നിങ്ങളും നിഷേധിക്കുന്നില്ല. ഉന്നയിക്കുന്നുണ്ട്. അത്തരം തെളിവുകളോ പോകട്ടെ മിർസാ സാഹിബിന്റെ സ്വന്തം ജീവിതവും അദ്ദേഹത്തിന്റെ ശിഷ്ടാചാരവും മംഗള സ്വഭാവവും തന്നെ അദ്ദേഹത്തിന്റെ വാദത്തിന്റെ സത്യതയിലേക്ക് പ്രബലമായ തെളിവായിരിക്കുന്നുണ്ട്. എന്നാൽ വൈഷമ്യങ്ങളെല്ലാം എനിക്കാണ് എന്റെ പക്കലാകട്ടെ ദൈവം, റസൂൽ, ഖുർആൻ, അദ്ഭുതദൃഷ്ടാന്തം (മുഅ്ജിസ) ആത്മാവ്, മരണാനന്തര ജീവിതം ദൈവബോധം, വെളിപ്പാട് മുതലായ വിഷയങ്ങളുടെയെല്ലാം പൊരുളൊന്നു വേറെയാണ്. അതു തീർച്ചയായും അഹ്മദികളും അനഹ്മദികളുമായ ഇരുകൂട്ടരുടെയും വിശ്വാസത്തിൽ നിന്നു കേവലം വിഭിന്നമത്രേ. നിങ്ങളാകട്ടെ, മിർസാ സാഹിബിനെ ദുഷിക്കുവാനോ ആക്ഷേപിക്കുവാനോ നിങ്ങളുടെ പക്കൽ യാതൊരു തെളിവുമില്ലാതിരിക്കെ അദ്ദേഹത്തിന് എതിരായി പ്രവർത്തിക്കുന്നു. ഞാനോ അദ്ദേഹത്തിന്റെ ഒട്ടേറെ വിശ്വാസകാര്യങ്ങളുമായി താത്ത്വിക നിലയിൽ എതിരഭിപ്രായമുള്ളതോടു കൂടി അദ്ദേഹത്തെ സ്നേഹിക്കുകയും മനസ്സാ വളരെയേറെ ആദരിക്കുകയും ചെയ്യുന്നു. അദ്ദേഹത്തെ വലിയൊരു മഹാത്മാവായിട്ട് സമ്മതിക്കുകയും ചെയ്യുന്നു. ഇതെന്തു കൊണ്ടാണ്? ഒരുപക്ഷെ ഇതായിരിക്കാം കാരണം: നിങ്ങൾ യാഥാർഥ്യം തിരഞ്ഞു നടക്കുന്നതു ഗ്രന്ഥങ്ങളിലായിരിക്കുമ്പോൾ ഞാനതിനെ തിരയുന്നതു ഹൃദയങ്ങളിലാണ്. അങ്ങനെ മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ ഹൃദയത്തിൽ ആ യാഥാർഥ്യം സാക്ഷാൽകരിച്ചു കാണുകയുണ്ടായി.

എന്നെ പാരമ്പര്യനിവേദനത്തിൽ കുടുക്കിയിടാതിരുന്നാലും! അതിൽ പെടുകയാണെങ്കിൽ പിന്നെ ഞാൻ നിരർഥകവും അയുക്തികവുമായ കാര്യങ്ങളെക്കുറിച്ചുള്ള പ്രതിപാദനം തന്നേ ആരംഭിക്കേണ്ടിവരും. നാൽ പതുകൊല്ലക്കാലം അതേ പരിശ്രമത്തിൽ ആമഗ്നനായിരുന്നിട്ടും അതിന് എന്നെ മനുഷ്യനാക്കിത്തീർക്കുവാൻ കഴിഞ്ഞില്ല; മറ്റാരേയും മനുഷ്യ നാക്കിത്തീർക്കാനും അതു സമർഥമായില്ല, എന്നാൽ മിർസാ സാഹി ബാകട്ടെ മനസ്സിലാക്കാൻ കഴിയാത്ത അനേകം സംഗതികളോടുകൂടി ത്തന്നേ എത്രയേറെ ജന്തു സമാനരെ ആഹാ! മനുഷ്യരാക്കി മാറ്റി! (നിഗാ ർ, ഡിസംബർ 1960)

# അഹ്മദിയ്യാ ജമാഅത്ത് ഒരു സമീപാവലോകനം

1961 മെയ് മാസം ഒമ്പതിനു അല്ലാമാ നിയാസ് പാക്കിസ്താനിലേക്ക് പോകുന്ന വഴിക്ക് അമൃതസർ (പൂർവപഞ്ചാബ്) സ്റ്റേഷ നിൽ വെച്ച് ഖാദിയാനിൽ നിന്നുള്ള ഏതാനും മിത്രങ്ങൾ അദ്ദേഹവുമായി അഭിമുഖ സംഭാഷണം നടത്തുകയും അദ്ദേഹത്തെ ഖാദിയാനിലേക്ക് ക്ഷണിക്കു കയും ചെയ്തിട്ടുണ്ടായിരുന്നു. തന്റെ മടക്കയാത്രയിൽ ഖാദിയാൻ സന്ദ ർശിക്കാമെന്നു അദ്ദേഹം പറഞ്ഞിരുന്നുവെങ്കിലും ചില അസൗകര്യങ്ങ ളാൽ അദ്ദേഹത്തിനു വാഗ്ദാനമനുസരിച്ചു പ്രവർത്തിക്കുവാൻ സാധി ച്ചില്ല. പാക്കിസ്താനിൽ ഒരു മാസത്തോളം താമസിച്ചതിനു ശേഷം അദ്ദേഹം നേരെ ലക്നൗവിലേക്ക് പോകയാണുണ്ടായത്. അതിനുശേഷം ജൂലായ് ലക്കം നിഗാറിൽ "അഹ്മദീജമാഅത്ത് കാ കരീബ്തർ മുതാല" എന്ന ശീർഷകത്തിൽ അദ്ദേഹം ഒരു ലേഖനം എഴുതി പ്രസിദ്ധം ചെയ്ക യുണ്ടായി. അതിന്റെ തർജ്ജമയാണ് ഇവിടെ ചേർക്കുന്നത്. ഈ ലേഖനം പ്രസിദ്ധപ്പെടുത്തിയതിനു ശേഷം അല്ലാമഃ നിയാസ് ജൂലായ് മാസം അന്ത്യ വാരത്തിൽ ഖാദിയാൻ സന്ദർശിക്കുകയും ഒരു ദിവസം അവിടെ താമസിച്ചു തിരിച്ചുപോവുകയും ചെയ്തു. ഈ സന്ദർശനത്തെ പരാമർശിച്ചും അദ്ദേഹം ഒരു ലേഖനം എഴുതിയിട്ടുണ്ടെന്നതു അനുസ്മരണീയമാണ്.

ലക്നൗവിൽ നിന്നു പുറപ്പെടുന്ന സമയം മനസ്സിൽ വിചാരിച്ച പരിപാ ടിയിൽ ഒരിനം ഖാദിയാൻ അല്ലെങ്കിൽ റബ്‌വ തീർച്ചയായും സന്ദർശി ക്കണമെന്നുള്ളതുമായിരുന്നു. എന്തെന്നാൽ റബ്‌വ മുമ്പ് യാതൊരു പച്ച യും മുളക്കാത്ത പാഴ്ഭൂമിയായിരുന്നു എന്നും പ്രയത്നശാലികളായ അഹ്മദികൾ ആ മരുസ്ഥലം ഒരു പരിഷ്കൃതനഗരമാക്കിത്തീർത്തിരി

ക്കുകയാണെന്നും ഞാൻ കേട്ടിട്ടുണ്ട്. ഖാദിയാൻ സന്ദർശനകാര്യം അപ്പോൾ എന്റെ ദൃഷ്ടിപഥത്തിൽ വരാതിരുന്നതു കൂടെ കുടുംബം മുഴുവനും ഉണ്ടായിരുന്നതിനാലാണ്. റബ്വയിലേക്കാകട്ടെ കറാച്ചിയിൽ നിന്നും ഒറ്റയ്ക്ക് പോകാമായിരുന്നു. എന്നാൽ വ്യസനം! എനിക്ക് ഈ ഉദ്ദേശ്യം നിറവേറ്റാൻ കഴിഞ്ഞില്ല. ഇതിന് ഒരു കാരണം എന്റെ വിസായിൽ റബ്വ യുടെ പേരു കൊള്ളിച്ചിരുന്നില്ലെന്നതാണ്. രണ്ടാമത് ഗ്രീഷ്മകാലത്ത് മരുപ്രദേശയാത്രക്ക് സാഹസപ്പെടുവാൻ മാത്രം എന്റെ ആരോഗ്യം പര്യാപ്തവുമായിരുന്നില്ല. എന്നാൽ എന്റെ ഈ അധൈര്യത്തിനും ഉപേക്ഷക്കും മറ്റൊരുവിധത്തിൽ അൽപമായെങ്കിലും പരിഹാരം കാൺമാൻ സാധിച്ചു. അതായത് ചില അഹ്മദിമിത്രങ്ങളുമായി അമൃതസർ സ്റ്റേഷനിൽ വെച്ച് കാണുവാനും മറ്റു ചിലരുമായി ലാഹോറിൽ വെച്ച് പരിചയപ്പെടുവാനും സംഗതിയായി. അതിൽ പിന്നെ കറാച്ചിയിൽ വെച്ച് ഒന്നിലധികം തവണ അഹ് മദികളെ വളരെ അടുത്തു പരിചയിക്കുവാനും മനസ്സിലാക്കുവാ നും അവസരം ലഭിച്ചു.

സർവപ്രധാനമായി എന്നെ പ്രഭാവിതനാക്കിത്തീർത്തത് അവരുടെ അന്തസ്സോടുകൂടിയ പെരുമാറ്റവും പുഞ്ചിരി തൂകുന്ന മുഖവും പ്രസന്നവദനവും ഉല്ലാസഭാവവുമായിരുന്നു. എന്നെ സ്വാധീനിച്ച മറ്റൊരു പ്രധാന സംഗതി, സംഭാഷണമധ്യേ അവർ എന്നോടു തബ്ലീഗ്പരമായി സംസാരിക്കുകയോ അഹ്മദിയ്യാ അധ്യാപനത്തെ സ്പർശിക്കുകയോ ഉണ്ടായില്ലെന്നതാണ്. അത് എനിക്ക് ഇഷ്ടമാവുകയുമില്ലായിരുന്നു. എന്തെന്നാൽ എന്റെ ഉദ്ദേശ്യം മൗന പൂർവം മനഃശാസ്ത്രപരമായ ഒരു പഠനം നടത്തുകയായിരുന്നു. രണ്ടു തവണയുണ്ടായ സായാഹ്ന സൽക്കാര വേളകളിലും അവർ ഇത്തരമൊരു സൂക്ഷ്മപഠനത്തിനു എനിക്ക് ധാരാളം അവസരമുണ്ടാക്കിത്തന്നു. കാര്യം ദൃഷ്ടിപഥത്തിൽ നിന്നും തെറ്റി **ജിഹ്വൂആഗ്രഹത്തിൽ വരുമാറാകയും എന്റെ വീക്ഷണഗതി മാറിപ്പോകയും ചെയ്യുമായിരുന്ന യാതൊരു സംഗതിയും അവർ കിളർത്തിയില്ല. ഇത് അവരുടെ ഔചിത്യബോധത്തെയാണ് കാണിക്കുന്നത്.**

അഹ്മദിയ്യാ ജമാഅത്ത് ക്രിയാത്മകമായ ഒരു സംഘടനയാണെന്ന് എനിക്കറിയാമായിരുന്നു. ഈ അറിവ് ഏറിയ കൂറും ശ്രുതി സ്ഥവും ഗ്രന്ഥപരിമിതവുമായിരുന്നു. അവരുടെ ജീവിതാടിസ്ഥാനം തന്നെ പ്രയത്നശീലത്തിലും മർമനിരതത്വത്തിലും ഉറപ്പിക്കപ്പെട്ടതാണെന്നും പരിശ്രമസ്വഭാവം അവരുടെ പരിഷ ചിഹ്നമായിത്തീർന്നിരിക്കുകയാണെന്നുമുള്ളത് എനിക്ക് ഊഹിക്കാൻ പോലും കഴിഞ്ഞിട്ടില്ലാത്തതാണ്.

അഹ്മദിയ്യാ ജമാഅത്ത് ഒരു ബോധക സംഘടന (മിഷ്യനറി ജമാഅത്ത്) ആണെന്നുള്ളതു സർവ്വ വിദിതമാണല്ലോ? അവർ അജയ്യമായ മനക്കരുത്തോടും നെഞ്ചുറപ്പോടും കൂടി ഒരു പ്രത്യേക ലക്ഷ്യത്തെ ലാക്കാക്കി മുന്നേറിക്കൊണ്ടു പൊകുന്നു. അതിനുള്ള ദൃഷ്ടാന്തം ഇസ്‌ലാം ചരിത്രത്തിൽ ആദ്യനൂറ്റാണ്ടുകൾക്ക് ശേഷം എങ്ങും കാൺമാനില്ല.

കറാച്ചിയിൽ പാവപ്പെട്ടവർ അധിവസിക്കുന്ന രണ്ടു സ്ഥലത്ത് അഹ്മദികൾ സ്ഥാപിച്ചു നടത്തിപ്പോരുന്ന രണ്ട് ധർമൗഷധശാലകൾ ഉണ്ട്. അവ ഏതാനും അഹ്മദിയുവജനത്തിന്റെ പരിശ്രമ ഫലങ്ങളാണെന്നറിഞ്ഞപ്പോൾ ഞാൻ സ്തബ്ധനായിപ്പോയി! ഈ ചികിത്സാകെട്ടിടങ്ങൾക്കുള്ള കുഴിയാട്ട കീറിയതും ഭിത്തികൾ കെട്ടിപ്പൊക്കിയതും മേൽക്കൂട് ശരിപ്പെടുത്തിയതും അവയ്ക്കു വേണ്ട ഫർണ്ണിച്ചർ തയ്യാറാക്കിയതുമെല്ലാം ആ യുവജനങ്ങളുടെ കൈപ്പണിയാണെന്നുള്ളതു ഏറെ ആശ്ചര്യകരമായിരിക്കുന്നു. ഈ ഔഷധശാലകളിൽ നിന്നു ദിവസവും നൂറു കണക്കായ പാവങ്ങൾക്കു സൗജന്യമായി മരുന്നു മാത്രമല്ല പഥ്യാഹാരവും നൽകപ്പെടുന്നു എന്നതും പ്രസ്താവ്യമാണ്. കൂടാതെ ജനസാമാന്യത്തിന്റെ മനഃസംസ്കാരാഭിവർദ്ധനത്തിന്നായി അവർ വായനശാല കളും ഗ്രന്ഥാലയങ്ങളും നടത്തിപ്പോരുകയും ചെയ്യുന്നു.

*ദിലെ ശികസ്ത ദറാൻ കൂച മീകുനന്ദ് ദുറുസ്ത്*
*ചുനാൻകെ ഖുദ് നശിനാസീ കെ അസ്കുജാ ബശികുസ്ത്*

അർഥം:- ഉടഞ്ഞ ഹൃദയത്തെ ആ തെരുവിൽ വെച്ചു അവർ ശരിപ്പെടുത്തുന്നു; ഉടവു എവിടെയാണെന്നു പിന്നീട് തിരിച്ചറിയാ ൻ സാധിക്കാത്ത തരത്തിൽ.

കറാച്ചിയിലും ലാഹോറിലും ഈ ജമാഅത്തിലെ അഗങ്ങൾ അയ്യായിരം വീതം വരും. എന്നാൽ അവരുടെ ഉൽകൃഷ്ടഭാവിയെ സംബന്ധിച്ചേടത്തോളം അവർ സുശക്തമായ അടിസ്ഥാനത്തിൽ ഉറപ്പിക്കപ്പെട്ട ദൃഢവും ഭദ്രവുമായ ഒരു സ്ഥാപനമാണ്; ഇളക്കം പറ്റാത്തതും ജയിക്കാനാവാത്തതുമായ ആയസദുർഗമാണ്. പള്ളിയിലെ വിശുദ്ധകമാനത്തിലും പ്രസംഗപീഠത്തിലും വെച്ചു പലപ്പോഴും പറഞ്ഞുകേൾക്കാറുള്ളതും എന്നാൽ എങ്ങും കാൺമാൻ കഴിയാത്തതുമായ ആ ഉൽകൃഷ്ടമാതൃകയുടെ പ്രത്യക്ഷ ചിഹ്നങ്ങളാണവർ.

അവർക്ക് ഈ വിവേചനം പ്രദാനം ചെയ്തത് ഏതൊരു കാര്യമാണ്? ഈ വൈശിഷ്ട്യം അവർക്കു ഏതൊന്നിനാൽ ലബ്ധപ്രായമായി? എന്നൊരു ചോദ്യം ഇവിടെ ഉണ്ടാകാം. ഇതിനുള്ള ഉത്തരം അഭ്യുന്നതസമു

ദായങ്ങളുടെ ചരിത്രത്തിൽനിന്ന് നമുക്ക് ലഭിക്കുമാറാകുന്നു. അതിതൊന്നു മാത്രമാണ്. സദാചാര മാഹാത്മ്യം! സംസ്കാരൗൽകൃഷ്ട്യം!

അവരെ കാഫിറുകളെന്നും നിർമതസ്ഥരെന്നും പറഞ്ഞാക്ഷേപിക്കുന്നവർ ഇപ്പോഴും മുസ്‌ലിംകളിൽ ധാരാളമുണ്ട്. എന്നാൽ ഇസ്‌ലാം വാദികളായ മറ്റു വിഭാഗങ്ങളിലൊന്നും തന്നെ ജീവിത പരിശുദ്ധിയിലും ഇസ്ലാമിക ശിക്ഷണത്തിലും സഹനം, ക്ഷമ, സ്ഥൈര്യം തുടങ്ങിയ ഗുണങ്ങളിലും അഹ്മദീ ജമാഅത്തിന്റെ പാദപാംസുവിനെ പോലും സമീപിക്കാൻ അർഹമാകുന്നില്ല.

این آتش نیرنگ نہ سوزد ہمہ کسرا

ഈ(ൻ) ആതശെ നേറംഗ് ന സോസദ് ഹമ കസ്റാ

അർഥം:- ഈ അത്ഭുതകരമായ അഗ്നി എല്ലാവരേയും ജ്വലിപ്പിക്കുന്നില്ല. (അതായത്, ഏവർ ശിഷ്ടാചാരത്തിലും സൽസേവനത്തിലും മുന്നേറിക്കൊണ്ടുപോകയും ശാന്തി, പരിത്യാഗം മുതലായ ഉൽകൃഷ്ട ഗുണങ്ങളാർജ്ജിക്കുകയും ചെയ്യുന്നുവോ അവർ മാത്രമാണ് എല്ലാവരുമല്ല ദൈവപ്രേമമാകുന്ന അഗ്നിയാൽ പുട പാകം പ്രാപിച്ചു സ്വയം പ്രേമപാത്രമായിത്തീരുന്നതു എന്നു വ്യംഗം- പരിഭാഷകൻ)

അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം 1889 ൽ സമാരബ്ധമാണെന്നത് ഒരു ഗുപ്തവിഷയമല്ല. വാചകാന്തരേണ പറയുന്നതായാൽ അതിന്റെ സ്ഥാപനം മുതൽ ഇപ്പോഴേക്ക് എഴുപതുകൊല്ലം കഴിഞ്ഞതേയുള്ളൂ. എന്നാൽ ഇത്രയും ചുരുങ്ങിയ കാലത്തിനകം ലക്ഷക്കണക്കിന് ആളുകൾ അതിനോടു അനുബന്ധിച്ചിരിക്കുമാറുള്ള തരത്തിൽ അതത്രയേറെ വിസ്തൃതി പ്രാപിച്ചിരിക്കുകയാണ്. ഈ ദിവ്യഭടജനം (മർദാനെ ഖുദാ) ഇസ്‌ലാമിന്റെ യഥാർഥാധ്യാപനത്തിന്റെ - മനുഷ്യത്വപരിപോഷണസിദ്ധാന്ത ത്തിന്റെ - പ്രചാരണവും പ്രസാധനവും നിർവഹിക്കുന്നതിൽ വ്യാപൃതരായി കാണപ്പെടാത്ത യാതൊരു രാജ്യകോണും ലോകത്തില്ല തന്നെ!

ജമാഅത്തിന്റെ സ്ഥാപകരുടെ വിയോഗാനന്തരം കുറെ കഴിഞ്ഞതിൽ പിന്നെ, 1934 ൽ ആണ് അതിന്റെ ഇപ്പോഴത്തെ നേതാവ്, തഹ്‌രീകെ ജദീദ് എന്ന പേരിൽ ഒരു നവ്യപ്രചരണപദ്ധതി ആരംഭിക്കുകയുണ്ടായത്. അന്ന് അതിന്റെ വാർഷിക ബജറ്റ് 27,000 രൂപയായിരുന്നു. എന്നാൽ ഇരുപത്തഞ്ചുകൊല്ലമായപ്പോഴേക്കും അതു 20,80,000 (ഇരുപതു ലക്ഷത്തി എൺപതിനായിരം) രൂപയായി വർധിച്ചിരിക്കുകയാണെന്നതു ആശ്

ചര്യകരമായിരിക്കുന്നു. ഈ സംഖ്യ എത്രയും സൂക്ഷ്മതയോടുകൂടി വ്യവസ്ഥിതമായ നിലയിൽ ഇസ്‌ലാമികാധ്യാപനത്തിന്റെ പ്രചാരണത്തിനും പരിപാലനത്തിനുമായി ചെലവഴിക്കപ്പെടുന്നു. ഖാദിയാനിലും റബ്‌വയിലും നിന്ന് അല്ലാഹു അക്ബർ എന്ന പരിപൂതശബ്ദം ഉയർത്തപ്പെടുമ്പോൾ യൂറോപ്പ് ആഫ്രിക്ക ഏഷ്യ ഈ ഭൂഖണ്ഡങ്ങളിലെ വിദൂരസ്ഥവും അന്ധകാരാവൃതവുമായ ദേശകോണുകളിലെ പള്ളികളിൽ നിന്നും ആ തക്ബീർ ധ്വനി പൊങ്ങുമാറാകുന്നു. അവിടങ്ങളിലെല്ലാം നൂറുകണക്കായ അഹ്മദികൾ പരദേശികളായി ദൈവമാർഗ്ഗത്തിൽ സേവനമനുഷ്ഠിച്ചുകൊണ്ട് സുധീരം മുന്നേറുന്നു.

അനാവശ്യകാര്യങ്ങളിൽ തലയിടാതെ നീതിപൂർവം വർത്തിക്കുകയും മഹത്തായ സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന ഈ ജമാഅത്തിനെ ഇതരർ ആക്ഷേപിക്കുന്നതു കാണുമ്പോൾ എനിക്ക് വളരെ ദുഃഖമുണ്ടാവുകയും മുസ്‌ലിംകളുടെ ഈ ദൃഷ്ടിവൈപരീത്യത്തിൽ ഞാൻ ആശ്ചര്യപ്പെടുകയും ചെയ്യുന്നു.

*മബീൻ ഹകീർ ഗദായാനെ ഇശ്ക്റാ കെ ഈൻ കൗം*
*ശാഹാനെ ബേഗുഹർ വ ഖുസ്റുവാനെ ബേ കല അൻദ്*

അർഥം:- പ്രേമഭിക്ഷുകരായ ഭക്തവൈരാഗികളെ നിങ്ങൾ നിന്ദിക്കായ്വിൻ; എന്തെന്നാൽ ഇക്കൂട്ടർ ഖജാനയില്ലാത്ത രാജാക്കന്മാരും കിരീടമില്ലാത്ത ചക്രവർത്തിമാരുമത്രെ.

ഞാൻ അഹ്മദിയ്യാ പ്രസ്ഥാനത്തെക്കുറിച്ചു അഭിപ്രായപ്രകടനം ചെയ്തുതുടങ്ങിയതുമുതൽ ആശ്ചര്യകരവും കൗതുകാവഹവുമായ പല ചോദ്യങ്ങളും എന്നോട് ചെയ്യപ്പെട്ടുവരികയാണ്. ചില മനുഷ്യന്മാർ ഈ ജമാഅത്തിന്റെ വിശ്വാസപ്രമാണങ്ങളെ കുറിച്ചു ചോദ്യം ചെയ്യുന്നു. മറ്റു ചിലർ നേരെയങ്ങ് അഹ്മദിയ്യാസ്ഥാപകന്റെ മഹ്ദിത്വനബിത്വവാദങ്ങളെ സംബന്ധിച്ചാണ് ചോദിക്കുന്നത്. വേറെ ചിലർ അദ്ദേഹത്തിന്റെ സദാചാരനിലയെ കളങ്കിതമാക്കി കാണിക്കാൻ ശ്രമിച്ചുകൊണ്ട് എനിക്ക് അദ്ദേഹത്തിന്റെ പേരിൽ വെറുപ്പുണ്ടാക്കിത്തീർക്കാൻ ഉദ്ദേശിക്കുന്നു. ഇനിയൊരു കൂട്ടർ ഞാൻ അഹ്മദിയായിരിക്കുന്നുവോ എന്നു വ്യക്തമായിട്ട് ചോദിച്ചു തുടങ്ങിയിരിക്കയാണ്. ഞാനിതെല്ലാം ശ്രവിക്കുകയും മൗനം ദീക്ഷിക്കുകയും ചെയ്യുന്നു. എന്തെന്നാൽ അവർ എന്നോട് ഈ ചോദ്യങ്ങളെല്ലാം ചെയ്യുന്നത് എന്നെയും തങ്ങളെപ്പോലുള്ള ഒരു മുസൽമാനായി കരുതുന്നതുകൊണ്ടും ഒരു യഥാർഥ്യം അറിയാ ത്തതുകൊണ്ടുമത്രേ. അതായത്:

*ഹം കഅ്ബ ഒ ഹം ബുത്കടസം ഗെറഗെ മാബൂദ്*
*റഫ്തേം ഒ സനം ബർസരെ മെഹ്റാബ് ശികേസ്തം.*

അർഥം:- കഅ്ബയും ക്ഷേത്രവും രണ്ടും എന്റെ മാർഗ്ഗത്തിൽ വിലങ്ങടിച്ചു നിൽക്കുന്ന പാറകൾ പോലെയാണ്. അതുകൊണ്ട് ഞാൻ ചെന്നു വിശുദ്ധകമാനത്തിനു മുമ്പിൽ വെച്ചു തന്നെ ബിംബങ്ങൾ ഉടച്ചു കളഞ്ഞു.

മതവും സദാചാരവും യഥാർത്ഥത്തിൽ ഒന്നു തന്നെയാണ്. ഈ ബോധത്തിന്മേൽ അധിഷ്ഠിതമായിട്ടുള്ളതാണ് അഹ്മദിയ്യാ ജമാഅത്ത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ടു തന്നെയാണ് അവർ മതപരമായ വർഗീയതയിൽ നിന്നു എത്രയോ കാതം വിദൂരപ്പെട്ടവരായിരിക്കുന്നതും. അവർ എല്ലാ സാംസ്കാരിക മതങ്ങളെയും ബഹുമാനിക്കുന്നു. സമസൃഷ്ടിസേവനം സംബന്ധി ച്ചേടത്തോളം വർണ്ണം, ജാതി, മാർഗം, മുതലായ വിഭാഗീയഭേദം അവരുടെ പക്കൽ കാര്യമല്ല. അവർ സാമാന്യനിലയിലുള്ള ആഹാരം കഴിക്കുകയും സാദാ വസ്ത്രം ധരിക്കുകയും ചെയ്തുകൊണ്ടു ആഡംബരരഹിതരായി ജീവിക്കുന്നു. സിഗരറ്റ്, ലഹരിപാനം, തുടങ്ങിയ ദുശ്ശീലങ്ങളെ വർജ്ജിക്കുന്നവരുമാണ്. നാടകശാലയും സിനിമാഗൃഹവുമായി അവർക്ക് കാര്യമില്ല. വിനോദങ്ങളിൽ ആസക്തിയുമില്ല. അവർ തങ്ങളുടെ ജീവിതത്തിനു ഒരു നേർപാത വെട്ടി തെളിയിച്ചിട്ടുണ്ട്. അതിലൂടെ അവർ അന്തസ്സോടും ഭദ്രതയോടും ചരിക്കുകയാണ്. ഇതു തന്നെയാണ് അവരുടെ സ്ത്രീജനത്തിന്റെയും സാഹചര്യം. ഇതേ അന്തരീക്ഷത്തിലാണ് അവരുടെ ബാലവൃന്ദങ്ങളും വളർന്നുവരുന്നത്. അവരുടെ വിശ്വാസകാര്യങ്ങളെന്തെല്ലാമെന്നതിനെ സംബന്ധിച്ചു എനിക്ക് യാതൊരു കാര്യവുമില്ല. ഞാൻ അവരെ കേവലം മനുഷ്യരെന്ന നിലക്ക് വീക്ഷിക്കുന്നു. മാതൃകാമനുഷ്യരെന്ന നിലയിൽ അവരെക്കുറിച്ചുള്ള ബഹുമാനം എന്റെ ഹൃദയത്തിൽ സ്ഥലം പിടിച്ചിരിക്കുകയാണ്. ഇതേവരെ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകനെ പഠിക്കുവാൻ ശ്രമിച്ചേടത്തോളം ഞാൻ എന്നല്ല അദ്ദേഹത്തിന്റെ ജീവിതവും ചര്യയും ആത്മാർഥതയോടും സത്യബോധത്തോടും കൂടി പഠനം ചെയ്യുന്ന ആരും അദ്ദേഹം ശരിക്കും നബി തിരുമേനി(സ)യോടുള്ള പ്രേമാതിരേകത്താൽ നിമഗ്നനനും ഇസ്ലാമിനെ കുറിച്ചു നിഷ്കളങ്കമായ സ്നേഹവും സഹതാപവുമുള്ളയാളുമായിരുന്നു എന്നു സമ്മതിക്കുവാൻ നിർബന്ധിതനാകുന്നു. അദ്ദേഹം പറഞ്ഞതും പ്രവർത്തിച്ചതുമെല്ലാം സ്വതവേയുള്ള തന്റെ ആത്മാർഥവികാരങ്ങളുടെയും സദ്വിചാരോദ്ദേശങ്ങളുടെയും ഫലമായിരുന്നു. അതുകൊണ്ടു അദ്ദേഹത്തിന്റെ വിചാര വിശുദ്ധിയെ കുറിച്ചു യാതൊരു ചോദ്യത്തിനും അവകാശമില്ല. എന്നാൽ അദ്ദേ

ഹം ഏതു വിശ്വാസങ്ങളിലേക്കാണ് ജനങ്ങളെ ക്ഷണിക്കുകയുണ്ടാ യത് എന്നതിനെക്കുറിച്ചു വേണമെങ്കിൽ സംവാദം നടത്താം. അതിനെ പറ്റി ചരിത്രപരമായും യുക്തിപരമായും നമുക്ക് നിരൂപണം ചെയ്യാവുന്ന താണ്. എങ്കിലും അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. എന്തുകൊ ണ്ടെന്നാൽ അതാകട്ടെ അദ്ദേഹത്തിന്റെ സ്വന്തം പരിണാമഫലങ്ങളുമാ യിട്ടു ബന്ധപ്പെട്ടതാകുന്നു. അദ്ദേഹത്തിന്റെ അപദാനവും സച്ചരിതവുമാ യിട്ടു ബന്ധപ്പെട്ടതല്ല. യഥാർഥമായ കാര്യം അപദാനവും സച്ചരിതവും തന്നെയാണ്.

ഇനിയുള്ള പ്രശ്നം ഞാൻ അഹ്മദിയായിരിക്കുന്നോ എന്നുള്ളതാകു ന്നു. ഇതിനെ സംബന്ധിച്ചു ഞാനെന്തു പറയാനാണ്. ഞാൻ അഹ്മദി യാവുന്നതോ ഇരിക്കട്ടെ, ഞാൻ മുസ്ലിമാണെന്നതു തന്നെ സംശയഗ്ര സ്തമായ സംഗതിയാണ്. അഹ്മദിയ്യത്തിലാകട്ടെ യഥാർഥകാര്യം പ്രവൃ ത്തിയാണു താനും. ഈ നിലവാരത്തിൽ ഞാൻ എന്നെ കൂടുതൽ അന ർഹനായിട്ടാണ് കാണുന്നത്.

برہمن می شدم گر ایں قدر زنار می بستم

*ബ്രഹ്മൻ മീശൂദം ഗർ ഈൻ കദർ സുന്നാർ മീബസ്തം*

അർഥം:- ഞാൻ ബ്രാഹ്മണനായിത്തീരുന്നെങ്കിൽ അതിന്നനുസരിച്ച വിധം പൂൺനൂലും ധരിച്ചിരിക്കുമായിരുന്നു.

ആകയാൽ എന്നോട് ഇത്തരം പരുഷപരമായ യാതൊരു വിഷയവും ചോദിക്കാതിരിക്കുകയാണ് നന്ന്. അതു കേവലം നിഷ്ഫലമായ കാര്യ മാണെന്നതുകൊണ്ടു മാത്രമല്ല ഇക്കാരണത്താലും തന്നെ.

*ദിരേഗാ ആബ്രൂയെ ദൈഗർ ഗർ ഗാലിബ് മുസൽമാൻ ശൂദ്*

അർഥം:- ഗാലിബ് മുസൽമാനായിപ്പോയെങ്കിൽ ക്ഷേത്രത്തിന്റെ (പാന മണ്ഡലത്തിന്റെ) മാനം അഹോ കഷ്ടത്തിലായി!

(അതായത്, മഹാകവി ഗാലിബ് മദ്യപാനായിരുന്നുവെന്നും മറ്റും പറയപ്പെടുന്നു. അദ്ദേഹം പശ്ചാത്തപിച്ചു തന്റെ ദുശ്ശീലത്തെ ഉപേക്ഷിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തി ന്റെ സഹപാനികൾ ഖേദിക്കുകയും അതു പാനമണ്ഡലത്തിനു മാനഹാനിയായി അവർ കരുതുകയും ചെയ്യുമായിരുന്നു. അതുപൊലെ തന്റെ മുസൽമാനത്വം തന്നെ സംശയ ഗ്രസ്തമാണെന്നു പറയുന്ന പണ്ഡിതലേഖകൻ തന്റെ പ്രസ്തുതമായ സാഹചര്യത്തെ ഉപേക്ഷിച്ചു അഹ്മദിയായിത്തീരുന്ന പക്ഷം തന്റെ സഹചാരികൾക്കും സഹവിശ്വാസി കൾക്കും ആ പരിവർത്തനം കോപതാപങ്ങൾക്ക് കാരണമായിത്തീരുമെന്നുള്ളതാണ് ഉദ്ധൃതപാർസി പദ്യശകലത്തിന്റെ വ്യംഗാർത്ഥം - പരിഭാഷകൻ)

ഇതു സംബന്ധിച്ച് എനിക്കു മറ്റൊരു സംഗതി കൂടി പറയുവാനുള്ളത് ഇതാണ്, ഞാൻ അഹ്മദിയ്യാ സാഹിത്യം സസൂക്ഷ്മം പരിശോധിച്ചു മാറ്റു നിർണയിക്കുന്ന കാലം ഇന്നല്ലെങ്കിൽ നാളെ തീർച്ചയായും വരുന്നതായിരിക്കും. വല്ലൊരു സംഗതിയും നല്ല പോലെ ഗ്രഹിക്കാതെ വിശ്വസിക്കുകയെന്നതു എന്റെ പ്രകൃതിക്കു ഒക്കാത്തതാകുന്നു. എനിക്കിതു വരെ മനസ്സിലായിട്ടില്ലാത്ത ചിലത് അഹ്മദിയ്യത്തിന്റെ വിശ്വാസകാര്യങ്ങളിലും ഉൾപ്പെട്ടുകാണുന്നു ണ്ട്. എന്നാൽ അത് എന്റെ സ്വന്തം വ്യക്തിപരമായ നിഷേധമോ സ്വീകാര്യമോ ആയിട്ടുമാത്രം ബന്ധപ്പെട്ടതായിരിക്കും. അതല്ലാതെ അതിന്നു അഹ്മദിയ്യാ ജമാഅത്തിന്റെ സാമൂഹ്യ സൽഭാവവുമായിട്ടു യാതൊരു ബന്ധവുമില്ല. അതിന്റെ പരോപകാരപരമായ സൽഭാവത്തെ നിഷേധിക്കുകയെന്നാൽ പകലിനെ രാവെന്നു പറയും പോലെയാണ്. ഞാനൊരിക്കലും പകലിനെ രാവെന്നു പറഞ്ഞിട്ടേയില്ല. (ജൂലായി 1961)

## ഖാദിയാനിൽ ഏതാനും മണിക്കൂറുകൾ

ജൂലായി 28,29 തിയ്യതികളിൽ ഞാൻ ഖാദിയാനിൽ കഴിച്ചു കൂട്ടിയ ഏതാനും മണിക്കൂറുകൾ എന്റെ ജീവിതത്തിലെ ഒരിക്കലും മറക്കാനാവാത്ത ഘടികകളാകുന്നു.

മനുഷ്യജീവിതമെന്നത് ശ്വാസോച്ഛ്വാസത്തിന്റെ പേരു മാത്രമല്ല. കണ്ണുതുറന്നു നോക്കി കാണുകയും മനസ്സിലാക്കുകയും ചെയ്യുന്ന തിന്റെ പേരുകൂടിയാണ് എങ്കിൽ ജീവിതത്തിലെ എല്ലാ നിമിഷവും ഓരോ നവ്യ പാഠത്താൽ ഓരോ പുതിയ അനുഭവത്താൽ അനുഗതമായിരിക്കുന്നതാണ്. എന്നാൽ ആ ഏതാനും മണിക്കൂറുകൾക്കിടയിൽ ഈ സ്ഥലത്തു ഞാൻ കണ്ടതെല്ലാം എന്റെ ജീവിതത്തിലെ അത്രയേറെ മനോഹരവും ഹൃദയാവർജ്ജകവുമായ അനുഭൂതിയായിരുന്നു. എന്റെ കഴിവിൽ പെട്ടതായിരുന്നുവെങ്കിൽ അമ്പതു കൊല്ലം പിന്നോക്കം മാറിച്ചെന്നു ഖാദിയാനിലെ അഹ്മദിയ്യാ ജമാഅത്തിൽ കാണുമാറായ അതെ ജീവിതം ഞാൻ ആരംഭിക്കുമായിരുന്നു. എന്നാൽ,

*ഹൈഫ് സദ് ഹൈഫ് കെ മാദേർ ഖബർദാർ ശുദേം*

അർഥം:- അഹോ കഷ്ടം! മഹാ കഷ്ടം! എനിക്കു വിവരം ലഭിച്ചതു വളരെ വൈകിയായിപ്പോയി!

വ്യക്തിഗതമായ നിലക്ക് ഞാൻ എപ്പോഴും കർമരഹിതനായിട്ടാണിരുന്നത്. എങ്കിലും ജീവിതപ്രശ്നങ്ങളെ - അവയിൽ മതവും ഉൾപ്പെടും -

ഞാൻ എന്നും നോക്കിക്കാണാറുള്ളത് സാമൂഹ്യ വീക്ഷണകോണിൽ കൂടിയാണ്. ഈ വീക്ഷണകോൺ എന്റെ പക്കൽ ചലനാത്മകത്വവും കർമപരതയും അല്ലാതെ മറ്റൊന്നുമല്ല.

പിന്നെ ഈ കഥ വളരെ നീണ്ട ഒന്നാണ്. കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ എത്ര വളരെ ദർവേശ്മഠങ്ങളും കുലീന കുടുംബങ്ങളും എത്രയേറെ സ്ഥാപനങ്ങളും വിദ്യാലയങ്ങളും എത്രയെത്ര പ്രസംഗമഞ്ചങ്ങളും അലങ്കൃതകമാനങ്ങളും എന്റെ ദൃഷ്ടിപഥത്തി ലൂടെ കടന്നുപോയിട്ടുണ്ട്! ഞാനെങ്ങനെ അവയെല്ലാം അവഗണിച്ച് കടന്നുപോയി! ഒന്നും എന്നെ ആകർഷിക്കുകയുണ്ടായില്ല. എന്നാൽ ജീവിതത്തിൽ ഇപ്പോൾ ആദ്യമായിട്ടാണ് അഹ്മദിയ്യാ ജമാഅത്തിന്റെ സജീവവും സുജാഗ്രവുമായി കണ്ട സംഘടന കാണുകയാൽ ഞാൻ ഒരിടത്തു സ്തബ്ധനായി നിന്നുപോയത്. എന്റെ ജീവിതത്തിലെ പുതുതായ ഈ അനുഭവവും ബോധവും ഞാനേതു വാക്കുകളാലാണ് വെളിപ്പെടുത്തേണ്ടതെന്നു എനിക്ക് മനസ്സിലാകുന്നില്ല!

മുസ്ലിംകളുടെ ശോച്യാവസ്ഥയും ഇസ്ലാമിലെ പണ്ഡിത വൃന്ദങ്ങളുടെ കർമ്മരാഹിത്യവും നിമിത്തം ഇനി എപ്പോഴെങ്കിലും അവരിൽ ജീവലക്ഷണം കാണായ്‌വരുമെന്ന് വിചാരിക്കാൻ പോലും സാധ്യമല്ലാത്ത തരത്തിൽ അത്രയധികം ഞാൻ ഭഗ്നാശനായിത്തീർന്നു. എന്നാൽ ഇപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ ജീവസുറ്റ കർമവ്യവസ്ഥിതി കാണുകയാൽ എനിക്കിങ്ങനെ അനുഭൂതമാകുന്നു.

*ഗുഞ്ച ഫിർ ലഗാ ഖിൽനേ, ആജ് ഹംനെ അപ്നാ*
*ദിൽ ഖൂൻ കിയാ ഹുവാ ദേഖാ ഗുംകിയാ ഹുവാ പായ*

അർഥം:- ഞാനിന്നു എന്റെ ഹൃദയം വ്രണിതമായി കണ്ടു; പിന്നെ പൂമൊട്ട വിടരാൻ തുടങ്ങി. ഇങ്ങനെ കളഞ്ഞുപോയതു ഞാൻ കണ്ടെത്തി.

അതെന്തെന്നാൽ ഇസ്ലാം ലോകത്ത് ഇന്ന് ഈയൊരു സ്ഥാപനം (അഹ്മദിയ്യാ ജമാഅത്ത്) മാത്രമേ ആത്മീയക്ഷണവും പ്രബോധനവും നടത്തിപ്പോരുന്നതായിട്ടുള്ളൂ. എന്റെ പക്കൽ ഇസ് ലാമിന്റെ കാര്യസാരം ഈ ക്ഷണവും പ്രബോധനവും അല്ലാതെ മറ്റൊന്നുമല്ല.

ലോകർ ലക്ഷ്യപ്രാപ്തിക്കായി വഴികൾ തിരയുന്നു; കൊല്ലങ്ങളോളം ചുറ്റിത്തിരിയുന്നു. അവരിൽ അൽപം പേർ മാത്രമേ ലക്ഷ്യം പ്രാപിക്കുന്നുള്ളൂ, ഈ അൽപം ചിലരിൽ ഒരാളായിരുന്നു മിർസാ ഗുലാം അഹ്മദ് ഖാദിയാനി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആകയാൽ അദ്ദേഹം ഏതെല്ലാം വഴികളിലൂടെ കടന്നുചെന്നിട്ടാണ് ഉദ്ദിഷ്ടസ്ഥാനത്തിൽ

എത്തിച്ചേർന്നതെന്നു അന്വേഷിക്കുകയും ആരായുകയും ചെയ്യുന്നത് ഇനി പ്രയോജനരഹിതമായിരിക്കും. സത്തായ കാര്യം മാർഗപൈമാശി നടത്തുകയല്ല. ലക്ഷ്യപ്രാപ്തിയാകുന്നു. ഞാൻ അഹ്മദിയ്യാ ജമാഅത്തിനെ ഇഷ്ടപെടുന്നുവെങ്കിൽ അത് അവർ ലക്ഷ്യം പ്രാപിച്ചിരിക്കുന്നു എന്നതുകൊണ്ടു മാത്രമാണ്. ഈ ലക്ഷ്യം അഥവാ ഉദ്ദിഷ്ടം ഇസ്‌ലാമിന്റെ വിശുദ്ധ സ്ഥാപകർ അടയാളപ്പെടുത്തിത്തന്നിട്ടുള്ളതു തന്നെയാണ്. അതിൽ നിന്നും ഭിന്നമായ യാതൊന്നിനെയും ഞാൻ പരിഗണിക്കുന്നില്ല; പരിഗണിക്കേണ്ടുന്ന ആവശ്യവുമില്ല.

ഖാദിയാനിലേക്കുള്ള എന്റെ ആഗമനവും ഇതേ കാര്യശൃംഖലയോടു അനുബന്ധിച്ച ഒരു കണ്ണിയായിരുന്നു. അതായത്, ഏവരുടെ കർമണ്യ ജീവിതത്തെ കുറിച്ചു ഞാൻ കേട്ടുപോന്നിരുന്നുവോ അതൊന്നു കണ്ണാൽ കാണേണമെന്നു ഞാൻ അഭിലഷിച്ചിരുന്നു.

വളരെ കുറഞ്ഞ സമയം കരുതിയാണ് ഞാൻ ഇവിടെ വന്നത്. എന്നാൽ ഒരു തീരുമാനം കാണുന്നതിന് ഈ അൽപസമയവും പോരാത്തതായിരുന്നില്ല. കാരണം ഈ ജമാഅത്തിന്റെ ജീവിത സ്വരൂപം തുറന്ന ഒരു ഗ്രന്ഥം പോലെയാണ്. അതിന്റെ പഠനത്തി ന് അധികനേരം ആവശ്യമില്ല. എങ്ങനെ? എന്തിന്? എന്നീ വിധ ചോദ്യചിഹ്നങ്ങളുടെയും ആവശ്യമില്ല. ഇതുപോലെതന്നെ അവരുടെ ആഫീസ് ഭരണവും സ്വച്ഛസ്ഫടികം പോലെ സ്പ്ഷടമായതാണ്. അതിനു മേൽ കൽമഷം അശേഷവുമില്ല. ആപാദചൂഡം ആത്മാർത്ഥതയും ശിഷ്ടാചാരവും; തികച്ചും ചലനാത്മകത്വവും കർമ്മപരതയും.

ഖാദിയാനിലെ അഹ്മദിയ്യാ ജമാഅത്തിലുള്ള ദർവേശ്മാർ എന്നു പറയപ്പെടുന്ന വ്യക്തികൾ ഇരുനൂറിലധികമില്ല. ഇവർ ഈ ചെറുനഗരത്തിന്റെ ഒരു കോണിൽ ശാന്തസുന്ദരവും മൗനഭദ്രവുമായ അന്തരീക്ഷത്തിൽ സ്വകർത്തവ്യ നിർവഹണത്തിൽ വ്യാപൃതരായിരിക്കുന്നു. അവരെക്കണ്ടാൽ ഇങ്ങനെതോന്നും:

*യക് ചിറാഗസ്ത്ത് ദരീൻ ഖാനഃ അസ്പർതൗ ആൻ*
*ഹർ കജാ മീ നഗ്രീ അഞ്ചുമനെ സാഖ്ത അന്ദ്*

അർഥം:- ഈ ഗൃഹത്തിൽ ഒരു ദീപമുണ്ട്. അതിന്റെ ദീപ്തിപ്രഭാവത്താൽ എവിടെ നോക്കിയാലും ഓരോ സംഘം അലംകൃതമായിരിക്കുന്നതായി കാണാം.

ഇവരത്രേ 1947ലെ രക്ഷപ്രളയഘട്ടത്തിൽ അറുകൊലയ്ക്കു മുമ്പിൽ തങ്ങളെതന്നെ അർപ്പിച്ചുകൊണ്ട് നിർഭയരായി തങ്ങളുടെ ധർമപഥദർ

ശകനായ ആത്മഗുരുവിന്റെ ജന്മസ്ഥാനത്തിൽ പറ്റി നിൽക്കുകയും ഒരു നിമിഷനേരത്തേക്കുപോലും അവിടം വിട്ടു പോകാൻ കൂട്ടാക്കാതിരിക്കുകയും ചെയ്ത ആ ചെറു സംഘം!

*മൗജെ ഖൂൻ സർസെ ഗുസർ ക്യൂ(ൻ) ന ജായെ*
*ആസ്താനെ യാർസേ ഉഠ് ജായേൻ ക്യാ?*

അർഥം:- നിണതരംഗമാലകൾ ശിരോഭാഗത്തുകൂടി കടന്നു പോകുന്നതായാലും സ്നേഹപാത്രത്തിന്റെ ആ സ്ഥാനത്തിൽ നിന്നു എഴുന്നേറ്റു പോവുകയോ?

ഈ ജമാഅത്ത് ശിഷ്ടാചരണം മുഖേന മാത്രം ആയിരക്കണക്കിലുള്ള ശത്രുക്കളെ തങ്ങളുടെ മിത്രങ്ങളും പ്രേമികളുമാക്കി മാറ്റിത്തീർക്കുകയും അവരെക്കൊണ്ടു ഖാദിയാൻ നഗരം ദാറുൽ അമാൻ - ശാന്തി നികേതനം അഥവാ രക്ഷാഗേഹം - ആണെന്നു സമ്മതിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇന്ത്യയിലാകെയുള്ള അഹ്മദിയ്യാ സ്ഥാപനങ്ങൾക്കും ശാഖാ സംഘങ്ങൾക്കും നേതൃത്വം നൽകി അവയെല്ലാം നിയന്ത്രിക്കുന്നത് ഇതേ ജമാഅത്തു തന്നെയാണ്. വിദൂരസ്ഥമായ ഈ സ്ഥലത്തു നിന്നാണ് ഇന്ത്യയുടെ നാനാഭാഗങ്ങളിലും ഇസ്‌ലാമിനും മനുഷ്യത്വത്തിനുമുള്ള മഹത്തായ സേവനം നിർവഹിക്കപ്പെട്ടുവരുന്നത്.

ഇനിയും ചിലതു കേൾക്കുമ്പോൾ നിങ്ങൾക്ക് ആശ്ചര്യം തോന്നും: കഴിഞ്ഞ മൂന്നുകൊല്ലത്തിനകം ഇവർ ഇസ്‌ലാമിന്റെ അധ്യാപനം, നബി ചരിത്രം, മതത്തിന്റെ ആവശ്യകത, ഖുർആന്റെ വൈശിഷ്ട്യം ഇത്യാദി വിവിധ വിഷയങ്ങളെ അധികരിച്ചുള്ള നാൽപത്തി മൂന്ന് പുസ്തകങ്ങൾ ഹിന്ദി, ഉറുദു, ഇംഗ്ലീഷ്, ഗുർമ്മുഖീ എന്നീ ഭാഷകളിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഈ പുസ്തകങ്ങളുടെ 4,40,500 പ്രതികൾ മിക്കവാറും സൗജന്യമായി ഈ രാജ്യക്കാരുടെ ഇടയിൽ വിതരണം ചെയ്യപ്പെട്ടിരിക്കുകയാണ്.

ഇതേ പ്രകാരം മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും ജാതി വ്യത്യാസമന്യേ വിദ്യാഭ്യാസവേതനം നൽകുന്നതിനു 1950 മുതൽ 60 വരെ 31,000 രൂപ ഈ ജമാഅത്ത് ചിലവഴിച്ചിരിക്കുന്നു. ഖാദിയാനിൽ തന്നെ മൂന്നു വിദ്യാലയങ്ങൾ നടത്തപ്പെടുന്നുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള രണ്ടു മിഡിൽ സ്കൂളുകളും മൗലവി ഫാസിൽ (എച്ച്. ഏ) പരീക്ഷാകോർസ് വരെയുള്ള മറ്റൊരു വിദ്യാലയവും ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ പതിമൂന്നു സ്കൂ ളുകളുമുണ്ട്. ഇവക്കെല്ലാം കൂടി ജമാഅത്ത് ആയിരക്കണക്കിലുള്ള രൂപ ചിലവഴിച്ചു വരുന്നു.

ഇവക്കെല്ലാം പുറമെ, ജമാഅത്തിന്റെ മറ്റൊരു വലിയ സേവനം പ്രചലി

തമായ ഒരു ധർമസ്ഥാപനരൂപത്തിൽ നടത്തപ്പെടുന്ന ഖാദിയാനിലെ ആശുപത്രിയാണ്. ഇവിടെ നിന്നു 1948 മുതൽ ഇതു വരെ 3,46,000 രോഗികൾ ചികിത്സിക്കപ്പെട്ടിട്ടുണ്ട്. ഇവരിൽ 30 ശതമാനം പേർ മുസ്ലിംകളും 70 ശതമാനം അമുസ്ലിംകളുമായിരുന്നുവെന്നത് പ്രസ്താവാർഹമാണ്.

ഇതത്രേ ഖാദിയാനിലെ അഹ്മദിയ്യാ ജമാഅത്ത് ചെയ്ത് പോരുന്ന സേവനങ്ങളിൽ ചിലത്. അവരുടെ ഈ ജനശുശ്രൂഷകളാൽ ആകൃഷ്ടരായി 1948 മുതൽ ഇതുവരെ ഏകദേശം ഒരു ലക്ഷം ആളുകൾ പുറമെ നിന്ന് വന്നു ഇവിടത്തെ സ്ഥിതിവിശേഷങ്ങൾ പഠിക്കുവാൻ പണിപ്പെടുകയുണ്ടായിട്ടുണ്ട്.

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ജനയിതാവ് വളരെ ശ്രദ്ധാപൂർവം തയ്യാർ ചെയ്യിച്ചിരുന്ന സ്ഥാപനങ്ങളായ ഇവിടത്തെ കോളേജ് ബോർഡിങ്ങ് ഹൗസ് ഇവയുടെ വമ്പിച്ച കെട്ടിടങ്ങളും ഞാൻ കാണുകയുണ്ടായി. ഈ കെട്ടിടങ്ങൾ വിഭജനത്തിനു ശേഷം ഉപേക്ഷിക്കപ്പെട്ട അഭയാർഥിസ്വത്തുക്കൾ എന്ന നിലക്കു ഗവൺമെന്റ് കൈവശപ്പെടുത്തി വച്ചിരിക്കുകയായിരുന്നു. എങ്കിലും അവ ഇപ്പോൾ അഹ്മദിയ്യാ ജമാഅത്തിനു തന്നെ വിട്ടുകൊടുത്തിരിക്കുകയാണ്.

ഹദ്റത്ത് മിർസാ സാഹിബിന്റെ ബൈത്തുൽ ഫിക്ർ ബൈത്തു ദ്ദുആ, ബൈത്തുർരിയാസത്ത്, മസ്ജിദ് നൂർ, മസ്ജിദ് അഖ്സാ, മിനാരത്തുൽ മസീഹ് മുതലായവയും ഞാൻ സന്ദർശിച്ചു. അപ്പോൾ അദ്ദേഹം ഇസ്ലാമിന്റെ സംരക്ഷക്കായി നിരങ്കുശമായി ചെയ്തുപോന്ന പ്രയത്നങ്ങളോടൊപ്പം ആയിരമായിരം ആപത്തുകളും കഷ്ടപ്പാടുകളും സഹിച്ചു കൊണ്ട് നിർവഹിച്ച എല്ലാ സേവനങ്ങളും എന്റെ മുമ്പിൽ പ്രത്യക്ഷീഭൂതമായി. ഈ സേവനങ്ങളുടെ അനുഗ്രഹഫലങ്ങൾ ലോകത്തിന്റെ വിദൂരകോണുകളിൽ ഇപ്പോഴും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു.

ഞാൻ ഖാദിയാനിൽ ചെന്ന അവസരത്തിൽ അവിടെ ഒരു ജർമ്മൻകാരൻ അഹ്മദി മി. വിൽഹെം നാസിറും ഉണ്ടായിരുന്നു. ഒരു ദർവേശ്മട്ടുകാരനായ അദ്ദേഹം എത്രയോ മാസങ്ങളായി അഹ്മദിയ്യാ ജമാഅത്തിന്റെ വിവിധ കേന്ദ്രങ്ങളും സ്ഥാപനങ്ങളും ഒരു സഞ്ചാരിയെപ്പോലെ സന്ദർശിച്ചു പഠനം നടത്തുന്നതിൽ ഏർപ്പെട്ടിരിക്കുകയാണ്. അദ്ദേഹത്തെ കണ്ടപ്പോൾ ജർമ്മനിയെപ്പോ ലുള്ള ഒരു ശീതരാജ്യത്തിലെ നിവാസി ഇന്ത്യയിലെ അത്യുഷ്ണം എങ്ങനെയാണ് സഹിക്കുന്നത് എന്നു ഞാൻ ആശ്ചര്യപ്പെട്ടു. എന്നാൽ ഞാൻ അദ്ദേഹവുമായി സംസാരിച്ച

പ്പോഴാകട്ടെ ഈ യാത്രക്ലേശങ്ങൾ അദ്ദേഹത്തിൽ യാതൊരു ഭാവഭേദവുമുണ്ടാക്കിയിട്ടില്ലെന്നു മനസ്സിലായി.

*ഇശ്ക് ഹർജാ മീബർദ് മാറാ സാമാൻ ബർദ്*

അർഥം:- പ്രേമം നമ്മെ എല്ലായിടത്തും എത്തിക്കുന്നു. എല്ലാ സാധന സാമഗ്രികളോടും കൂടി വഹിച്ചുകൊണ്ടുപോകുന്നു.

ക്രിസ്തുമതം ഉപേക്ഷിച്ചു ഇസ്‌ലാം മതം സ്വീകരിച്ചതു എന്തു കൊണ്ടാണെന്നു ഞാൻ ചോദിച്ചപ്പോൾ മി: നാസിർ മറുപടി പറഞ്ഞത്, ഇസ്‌ലാമിലെ സദാചാരപാഠത്തിന്റെ വൈശിഷ്ട്യം കാരണമായിട്ടാണെന്നായിരുന്നു. ഇതിനെക്കുറിച്ചുള്ള അറിവും അദ്ദേഹത്തിനു ആദ്യമായി ലഭിച്ചതു ജർമ്മനിയിലെ അഹ്മദിയ്യാ ജമാഅത്തിനെ നിരീക്ഷണം ചെയ്തപ്പോഴാണത്രെ. അഹ്മദിയ്യാ ജമാഅത്ത് പാശ്ചാത്യദേശങ്ങളിലും ആഫ്രിക്കയിലും എത്രയും ആവേശപൂർവം ഇസ്‌ലാമിക സേവനത്തിൽ ഏർപ്പെട്ടിരിക്കയാണ്. അതിന്റെ ഒരു ഏകദേശ രൂപം അവർ വിവിധ ഭാഷകളിൽ വിശുദ്ധ ഖുർആന്റെ പരിഭാഷകൾ എത്രയും ശ്രദ്ധയോടും സൂക്ഷ്മതയോടും കൂടി പ്രസിദ്ധം ചെയ്തുകൊണ്ടിരികുന്നതിൽ നിന്നു നമുക്ക് ഊഹിച്ചറിയാവുന്നതാണ്. ഇംഗ്ലീഷ്, ജർമ്മനി, ഡച്ച്, സ്വാഹിലി എന്നീ ഭാഷകളിലുള്ള തർജ്ജമകൾ ഞാൻ തന്നെ കാണുകയുണ്ടായി. അവരുടെ മഹാമനസ്കതയും ഔത്സുക്യവും കണ്ടിട്ട് ഞാൻ വിസ്മയഭരിതനായിത്തീർന്നിരിക്കയാണ്.

ഞാൻ ഇവിടെ നിന്ന് വിടവാങ്ങി പിരിയുന്ന അവസരത്തിൽ ഹദ്റത്ത് മിർസാ സാഹിബ് അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലവും കാണുകയുണ്ടായി. അപ്പോൾ അദ്ദേഹത്തിന്റെ പരിത്യാഗപരമായ ജീവിതവും പ്രയത്നപരമ്പരയും എന്റെ മുമ്പിൽ അണിനിരന്നു ആ മഹത്സേവനത്തിനുതുല്യമായ മറ്റൊരു ദൃഷ്ടാന്തം ഈ കാലത്തു മറ്റെങ്ങും കണ്ടെത്തുന്നില്ല.

کیست کز کوشش فرہادنشاں باز دہد　　　مگر آں نمقش کہ تشہ خارا ماند

അർഥം:- ഫർഹാദിന്റെ ഉളിയുടെ പാട് പാറമേൽ അവശേഷിച്ചിരിക്കുന്നതൊഴികെ, ഫർഹാദ് ചെയ്തു കൂട്ടിയ ആ പ്രയത്നപരമ്പരയുടെ രൂപരേഖ കാണിച്ചു തരാനാരുള്ളൂ? (നിഗാർ, സപ്തംബർ 61)

# AHMADIYYA JAMA'AT ORU SAMEEPAVALOKANAM

This book is the malayalam transalation of the compilation of several articles published in Nigar magazine by Allama Niaz.

The Malayalam Rendering of these original Urdu works is done by Mr.N.Hamid Sahib, former editor , The Sathyadoothan magazine, Organ of the Ahmadiyya Movement